2023
DECEMBER
21
THURSDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## ഗ്രീൻ ഹൈഡ്രജൻ നിർമാണ മേഖലയിലെ വൻ ശക്തിയായി മാറാൻ ഇന്ത്യ

**കൊച്ചി:** ഗ്രീൻ ഹൈഡ്രജൻ നിർമാണ മേഖലയിലെ വൻ ശക്തിയായി മാറാനൊരുങ്ങുകയാണ് ഇന്ത്യ. ഈ മേഖലയിൽ 40,000 കോടി രൂപയിലധികം നിക്ഷേപമാണ് അടുത്ത അഞ്ച് വർഷത്തിനുള്ളിൽ പ്രതീക്ഷിക്കുന്നത്.




റിലയൻസ് ഇൻഡസ്ട്രീസ്, ജെഎസ്ഡബ്ല്യു സ്റ്റീൽ, ബിപിസിഎൽ, ടോറൻറ് പവർ, ജെഎസ്ഡബ്ല്യു നിയോ എനർജി, എസിഎംഇ ക്ലീൻടെക്ക്, അവാഡാ ഗ്രീൻ എച്ച്ടു, സെമ്ബ്കോർപ്പ് ഗ്രീൻ ഹൈഡ്രജൻ, സിഇഎസ്ഇ, ഗ്രീൻകോ സീറോസി തുടങ്ങിയ കമ്പനികളാണ് വൻ നിക്ഷേപത്തിന് തയാറെടുക്കുന്നത്.

ഗ്രീൻ ഹൈഡ്രജൻ ഉത്പാദനത്തിൽ നിക്ഷേപിക്കുന്ന കമ്പനികൾക്ക് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച 200 കോടി ഡോളറിൻറെ ഉത്പാദന ബന്ധിത ഇളവുകൾ നേടുന്നതിൻറെ ഭാഗമായാണ് കോർപ്പറേറ്റ് ഗ്രൂപ്പുകളെല്ലാം പുതിയ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുള്ളത്. ഗ്രീൻ ഹൈഡ്രജൻ നിർമാണത്തിന് ഉപയോഗിക്കുന്ന ഇലക്ട്രോലൈസറുകളുടെ രംഗത്ത് നിക്ഷേപിക്കുന്നവക്കുള്ള ആനുകൂല്യങ്ങൾക്ക് 20 കമ്പനികൾ താത്പര്യം പ്രകടിപ്പിച്ചു. അദാനി ഗ്രൂപ്പ്, ജിൻഡാൽ ഇന്ത്യ, ലാർസൻ ആൻഡ് ടൂബ്രോ, ഭാരത് ഹെവി ഇലക്ട്രിക്കൽസ് തുടങ്ങിയവരാണ് പ്രധാനമായും രംഗത്തുള്ളത്.

ഹരിത ഹൈഡ്രജൻ ഉത്പാദനത്തിലും ഇലക്ട്രോലൈസറുകളുടെ നിർമാണത്തിലും നിക്ഷേപിക്കുന്നവർക്ക് കഴിഞ്ഞ ജൂണിലാണ് കേന്ദ്രസർക്കാർ ഇൻസെൻറീവുകൾ പ്രഖ്യാപിച്ചത്. 4.5 ലക്ഷം ടൺ ഹരിത ഹൈഡ്രജൻ ഉത്പാദനത്തിനുള്ള ടെൻഡണ്ടറുകളാണ് ക്ഷണിച്ചത്. എന്നാൽ 5.5 ലക്ഷം ടൺ ഉത്പാദനം സാധ്യമാക്കുന്നതിന് കമ്പനികളിൽ നിന്നും താത്പര്യപത്രം ലഭിച്ചു.

# ആൾക്കൂട്ട ആക്രമണത്തിന് വധശിക്ഷ

## ക്രിമിനൽ നിയമ ഭേദഗതി ബില്ലുകൾ ലോക്സഭ പാസാക്കി

**ന്യൂഡൽഹി:** രാജ്യത്തെ ക്രിമിനൽ നിയമങ്ങൾ പരിഷ്കരിക്കുന്നതിനുള്ള മൂന്നു ബില്ലുകൾ ലോക്സഭ ശബ്ദ വോട്ടോടെ പാസാക്കി. എംപിമാരെ കൂട്ടത്തോടെ സസ്പെൻഡ് ചെയ്തതിൽ പ്രതിഷേധിച്ച് കോൺഗ്രസ്, ഡിഎംകെ, തൃണമൂൽ കോൺഗ്രസ് അംഗങ്ങൾ സഭ ബഹിഷ്കരണം തുടരുമ്പോഴാണു ക്രിമിനൽ നീതിന്യായ രംഗത്ത് സുപ്രധാനമായ ബില്ലുകൾ അവതരിപ്പിച്ചതും പാസാക്കിയതും.

കൊളോണിയൽ പാരമ്പര്യം പേറുന്ന ഇന്ത്യൻ ശിക്ഷാ നിയമം, ക്രിമിനൽ നടപടിച്ചട്ടം, തെളിവു നിയമം എന്നിവയ്ക്കു പകരമായി ഭാരതീയ ന്യായ സംഹിത, ഭാരതീയ നാഗരിക് സുരക്ഷ 3, ഭാരതീയ സാക്ഷ്യ ബിൽ എന്നീ ബില്ലുകളാണ് ആഭ്യന്തര മന്ത്രി അമിത് ഷാ അവതരിപ്പിച്ചത്. ഓഗസ്റ്റിൽ സഭയിൽ വച്ച ബിൽ പാർലമെൻററി സമിതിയുടെ പരിശോധനയ്ക്കുശേഷം പരിഷ്കരിച്ച് വീണ്ടും അവതരിപ്പിക്കുകയായിരുന്നു.

ഈ കാലഘട്ടത്തിന് യോജിക്കാത്ത കൊളോണിയൽ കാലഘട്ടത്തിലെ നിയമങ്ങൾക്കു പകരമാണു പുതിയവയെന്ന് അമിത് ഷാ പറഞ്ഞു. ശിക്ഷ നൽകുക എന്നതിനെക്കാൾ, വേഗത്തിൽ നീതി ഉറപ്പാ



ക്കുന്നതിനു പ്രാധാന്യം നൽകുന്നതാണു ബിൽ. സ്വാതന്ത്ര്യ സമരകാലത്ത് നേതാക്കൾക്കെതിരേ ബ്രിട്ടിഷുകാർ പ്രയോഗിച്ച രാജ്യദ്രോഹ നിയമം ഇനിയുണ്ടാവില്ല. പകരം രാജ്യത്തിനെതിരായ കുറ്റകൃത്യങ്ങളെ തടയാനുള്ള നിയമമാണുണ്ടാകുക. രാജ്യദ്രോഹം മാറി ദേശദ്രോഹമാണു വരുന്നത്.

മനുഷ്യാവകാശത്തിൻറെ പേരിൽ ഭീകരരെ സംരക്ഷിക്കാനുള്ള ചിലരുടെ ശ്രമങ്ങൾ അദ്ഭുതപ്പെടുത്തുന്നു. അതൊന്നും മോദിയുടെ ഭരണത്തിൽ നടക്കില്ല.സർക്കാരിനെ സംരക്ഷിക്കുക എന്നതല്ല, രാജ്യത്തെ സംരക്ഷിക്കുക എന്നതാണു പുതിയ നിയമത്തിൻറെ ഉദ്ദേശ്യമെന്നും അമിത് ഷാ.

പ്രതിപക്ഷത്തെ പ്രധാന പാർട്ടികളുടെ അഭാവത്തിൽ ബിൽ പാസാക്കുന്നതിൻറെ പോരായ്മകൾ ബിജെഡിയും അകാലിദളും ഉൾപ്പെടെ കക്ഷികൾ ചൂണ്ടിക്കാട്ടി. ബില്ലിലെ പല വ്യവസ്ഥകളും വലിയ പ്രത്യാഘാതമുണ്ടാക്കുമെന്ന് എഐഎംഐഎം നേതാവ് അസദുദ്ദീൻ ഒവൈസി പറഞ്ഞു.അന്വേഷണവും വിചാരണയും വിധിയും അതിവേഗം പൂർത്തിയാക്കാൻ വ്യവസ്ഥ ചെയ്യുന്നതാണു പുതിയ നിയമം. പരാതി ലഭിച്ച് മൂന്നു ദിവസത്തിനുള്ളിൽ എഫ്ഐആർ രജിസ്റ്റർ ചെയ്യണം. അന്വേഷണം 14 ദിവസത്തിനുള്ളിൽ പൂർത്തിയാക്കണം. 45 ദിവസത്തിലധികം വിധി പ്രഖ്യാപനം മാറ്റിവയ്ക്കാൻ ജഡ്ജിമാർക്ക് അധികാരമുണ്ടാവില്ല. കുറ്റവിമുക്തനാക്കണമെന്ന് ആവശ്യപ്പെട്ട് അപ്പീൽ നൽകാൻ പ്രതിക്ക് ഏഴു ദിവസം ലഭിക്കും.

മുൻപ് അപ്പീൽ നൽകുന്നതിനൊന്നും സമയപരിധി നിശ്ചയിച്ചിരുന്നില്ലെന്നും ഇപ്പോൾ 30 ദിവസത്തിനുള്ളിൽ കുറ്റം സമ്മതിച്ചാൽ കുറഞ്ഞ ശിക്ഷ പരിഗണിക്കാൻ പോലും വ്യവസ്ഥയുണ്ടെന്നും അമിത് ഷാ പറഞ്ഞു. ഭീകരാക്രമണത്തിലൂടെ നൂറുകണക്കിനാളുകളെ കൊലപ്പെടുത്തിയശേഷം രാജ്യം വിട്ടവരെ വെറുതേവിടില്ലെന്നു പറഞ്ഞ അമിത് ഷാ പ്രതിയുടെ അഭാവത്തിലും വിചാരണ നടത്താമെന്ന വകുപ്പും പുതിയ നിയമത്തിലുണ്ടെന്നു വിശദീകരിച്ചു.

Highrich
Online Shoppe

## ഹൈറിച്ചിനെതിരേ നടപടിക്ക് ഡിജിപിയുടെ ഉത്തരവ്

**കണ്ണൂർ:** തൃശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഹൈറിച്ചിനെതിരേ അടിയന്തര നടപടി സ്വീകരിക്കാൻ സംസ്ഥാന പോലീസ് മേധാവിയുടെ ഉത്തരവ്.

തൃശൂർ റൂറൽ പോലീസ് മേധാവിക്കാണ് ഉത്തരവ് നൽകിയിരിക്കുന്നത്. മുൻ എംഎൽഎ അനിൽ അക്കര നൽകിയ പരാതിയിലാണ് ഈ നടപടി. എച്ച്ആർ ഒടിടി, എച്ച്ആർ ക്രിപ്റ്റോ കറൻസി, വിദേശത്തേക്കു ഫണ്ട് കടത്തൽ തുടങ്ങിയ പരാതികളിൽ നടപടികൾ സ്വീകരിക്കാനാണു നിർദേശം.

ജിഎസ്ടി സംബന്ധിച്ച പ്രശ്നങ്ങൾ അവസാനിക്കുകയാണെന്നും ഇന്നലെ രണ്ടരയോടെ ഹൈക്കോടതിയിൽനിന്ന് അനുകൂല തീരുമാനമുണ്ടാകുമെന്നും സാമൂഹ്യ മാധ്യമങ്ങളിലൂടെ ഹൈറിച്ച് വക്താക്കൾ പ്രചരിപ്പിച്ചതിനു പിന്നാലെയാണ് ഡിജിപിയുടെ ഉത്തരവ്.

JOS ALUKKAS
A TRADITION OF FINE JEWELLERY

## ജിംഗിൾ ഓൾ ദി വേ; ക്രിസ്മസ് ന്യൂ ഇയർ ഓഫറുകളുമായി ജോസ് ആലുക്കാസ്

**തൃശൂർ:** ക്രിസ്മസ് ന്യൂ ഇയർ ആഘോഷങ്ങളെ വരവേൽക്കാൻ ഓഫറുകളുമായി ജോസ് ആലുക്കാസ്. ജിംഗിൾ ഓൾ ദി വേ റ്റു ജോസ് ആലുക്കാസ് എന്ന പേരിലാണ് കേരളത്തിൽ ജോസ് ആലുക്കാസ് ക്രിസ്മസ് ന്യൂ ഇയർ ഓഫർ ആരംഭിച്ചിരിക്കുന്നത്.

ആഘോഷങ്ങളുടെ ഭാഗമായി ജോസ് ആലുക്കാസിൻറെ എല്ലാ ഷോറൂമുകളിലും സ്വർണ്ണം, ഡയമണ്ട്, പ്ലാറ്റിനം എന്നീ വിഭാഗങ്ങളിൽ ആകർഷകമായ ഓഫറുകളാണ് ഒരുക്കിയിട്ടുള്ളത്.

എല്ലാ പർച്ചേസുകൾക്കും വിലയേറിയ സമ്മാനങ്ങൾ കൂടാതെ ഏറ്റവും കുറഞ്ഞത് 50,000 രൂപയുടെ ഡയമണ്ട് വാങ്ങുന്ന ഉപഭോക്താക്കൾക്ക് സ്വർണ്ണനാണയം സമ്മാനമായി ലഭിക്കും. ഡയമണ്ടിന് 25% വരെയും പ്ലാറ്റിനത്തിന് 7% കിഴിവോടെയും ഉപഭോക്താക്കൾക്ക് ലഭിക്കും. പഴയ സ്വർണ്ണം മാറ്റി ഡയമണ്ട് ആഭരണങ്ങളിലേക്ക് മാറാനും അനുബന്ധ ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്താനും ജോസ് ആലുക്കാസ് അവസരം ഒരുക്കുന്നു.

ജിംഗിൾ ഓൾ ദി വേ പുതുവർഷത്തിലേക്കുള്ള ജോസ് ആലുക്കാസിൻറെ കാൽവയ്പ്പാണെന്ന് ചെയർമാൻ ജോസ് ആലുക്ക പറഞ്ഞു. ജിംഗിൾ ഓൾ ദി വേയുടെ ഭാഗമായി ആകർഷകവും പുതിയതുമായ ഡയമണ്ട് ശേഖരമാണ് ജോസ് ആലുക്കാസ് ഒരുക്കിയിട്ടുള്ളതെന്നും അദ്ദേഹം പറഞ്ഞു. പ്രീമിയം ഡയമണ്ട് കളക്ഷനായ നിത്യാരയാണ് ഈ ഫെസ്റ്റിവെലിലെ മുഖ്യ ആകർഷണം.





വേൾഡ് ബോക്സിംഗ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ഓസ്ട്രേലിയയിലെ മെൽബണിൽ നടന്ന ഡി.ജെ.എം.സി സീരീസ് നമ്പർ 6 ബോക്സിംഗ് ചാംപ്യൻഷിപ്പിൽ ജേതാവായ ഇന്ത്യൻ താരം കെ.എസ് വിനോദ് വേൾഡ് ബോക്സിംഗ് കൗൺസിൽ പ്രതിനിധികൾക്കൊപ്പം



വേൾഡ് ബോക്സിംഗ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ഓസ്ട്രേലിയയിലെ മെൽബണിൽ നടന്ന ഡി.ജെ.എം.സി സീരീസ് നമ്പർ 6 ബോക്സിംഗ് ചാംപ്യൻഷിപ്പിൽ ജേതാവായ ഇന്ത്യൻ താരം കെ.എസ് വിനോദിന് കൊച്ചിയിൽ സ്വീകരണം നൽകിയപ്പോൾ

## ഡി.ജെ.എം.സി സീരീസ് നമ്പർ 6 ബോക്സിംഗ് ചാംപ്യൻഷിപ്പ്

# ഇന്ത്യൻ താരം കെ.എസ് വിനോദ് ചാംപ്യൻ

**കൊച്ചി:** വേൾഡ് ബോക്സിംഗ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ഓസ്ട്രേലിയയിലെ മെൽബണിൽ നടന്ന ഡി.ജെ.എം.സി സീരീസ് നമ്പർ 6 ബോക്സിംഗ് ചാംപ്യൻഷിപ്പിൽ ഇന്ത്യൻ താരം കെ.എസ് വിനോദ് ചാംപ്യൻ.

അമേരിക്ക, തായ്‌ലന്റ്, ശ്രീലങ്ക, ഓസ്ട്രേലിയ, മിഡിൽ ഈസ്റ്റ്, ആഫ്രിക്ക, എന്നിവടങ്ങളിൽ നിന്നായി 20 ലധികം ബോക്സിംഗ് താരങ്ങൾ ഏറ്റുമുട്ടിയ ചാംപ്യൻഷിപ്പിൽ മൂന്നു റൗണ്ടുകളിലായി നടന്ന മൽസരത്തിൽ അമേരിക്കൻ ബോക്സർ ഷോബിയെ കീഴ്പ്പെടുത്തിയാണ് വിനോദ് 2023-2024 ലെ ചാംപ്യൻ പട്ടം നേടിയത്. വനിതാ വിഭാഗത്തിൽ യു.പി സ്വദേശിനി ഉർവ്വശി സിംങ് ആണ് ച്യാംപൻ പട്ടം കരസ്ഥമാക്കിയത്. മൽസര ശേഷം നടന്ന ചടങ്ങിൽ വേൾഡ് ബോക്സിംഗ് കൗൺസിൽ സെക്രട്ടറി റൊക്സാനയും ഡി.ജെ.എം.സി ചെയർമാനും മിഡിൽ ഈസ്റ്റിലെയും ശ്രീലങ്കയിലെയും വേൾഡ് ബോക്സിംഗ് കൗൺസിലിൽ അംബാസിഡറുമായ ടൻസ്റ്റൻ റൊസാരിയോ എന്നിവർ ചേർന്ന് ചാംപ്യൻ പട്ട ബെൽറ്റ് കെ.എസ് വിനോദിനെ ധരിപ്പിച്ചു.

വേൾഡ് ബോക്സിംഗ് കൗൺസിൽ ഇന്ത്യൻ റീജ്യൻ അംബാസിഡർ റോഷൻ നദാനിയേൽ,ഡബ്ല്യു.ബി.സി (കെയർ) സൗത്ത് ഇന്ത്യൻ അംബാസിഡർ അഡ്വ. കെ.വി സാബു, ചലച്ചിത്ര നിർമ്മാതാവും വേൾഡ് ബോക്സിംഗ് കൗൺസിൽ (കെയർ)അംഗവുമായ ടോമിച്ചൻ മുളകുപാടം, മലങ്കര യാക്കോബായ സഭാ ഓസ്ട്രേലിയൻ ഭദ്രാസന സെക്രട്ടറിയും ഓസ്ട്രേലിയ, മലേഷ്യ,സിങ്കപ്പൂർ, ന്യൂസിലാന്റ് എന്നീ അതിഭദ്രാസനത്തിന്റെ നിയുക്ത റെസിഡന്റ് മെത്രാപ്പോലീത്തയുമായ ഫാ.ജോർജ്ജ് വർഗ്ഗീസ് വലിയ പറമ്പിൽ, മറ്റ് ഓസ്ട്രേലിയൻ നേതാക്കൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. വേൾഡ് ബോക്സിംഗ് കൗൺസിലിൽ (കെയർ) സൗത്ത് ഇന്ത്യയുടെ നേതൃത്വത്തിൽ കെ.എസ് വിനോദിനെ സൗത്ത് ഇന്ത്യൻ ഡബ്ല്യു.ബി.സി (കെയർ) അംബാസിഡർ അഡ്വ. കെ.വി സാബു, ചലച്ചിത്ര നിർമ്മാതാവും വേൾഡ് ബോക്സിംഗ് കൗൺസിൽ (കെയർ) അംഗവുമായ ടോമിച്ചൻ മുളകുപാടം എന്നിവർ ചേർന്ന് കൊച്ചിയിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ ആദരിച്ചു.ബോക്സിംഗ് ക്ലബ്ബുകൾക്കും ബോക്സിംഗ് പഠിക്കാൻ ആഗ്രഹിക്കുന്ന വിദ്യാർഥികൾക്കും സഹായം നൽകുകയെന്നതാണ് ബോക്സിംഗ് കൗൺസിൽ (കെയർ)ന്റെ പ്രഥമ ലക്ഷ്യമെന്ന് അഡ്വ.കെ വി സാബുവും ടോമിച്ചൻ മുളകുപാടവും വാർത്താ സമ്മേളനത്തിൽ പറഞ്ഞു.ആയിരം ക്ലബ്ബുകൾക്ക് ബോക്സിംഗ് ബാഗും രണ്ട് സെറ്റ് ഗ്ലൗസും അടക്കമുള്ളവ ബോക്സിംഗ് കൗൺസിൽ (കെയർ) നൽകുമെന്നും ഇവർ പറഞ്ഞു.ഡി,ജെ.എം.സി സീരീസ് നമ്പർ 7 ചാംപ്യൻഷിപ്പ് അടുത്ത വർഷം ഏപ്രിലിൽ അമേരിക്കയിൽ നടത്താനാണ് ആലോചന നടക്കുന്നതെന്നും എന്നാൽ ഇത് ഇന്ത്യയിൽ നടത്തണമെന്ന് വേൾഡ് ബോക്സിംഗ് കൗൺസിലിനോട് അഭ്യർഥിച്ചിട്ടുണ്ടെന്നും അഡ്വ.കെ വി സാബുവും ടോമിച്ചൻ മുളകുപാടവും പറഞ്ഞു.



വേൾഡ് ബോക്സിംഗ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ഓസ്ട്രേലിയയിലെ മെൽബണിൽ നടന്ന ഡി.ജെ.എം.സി സീരീസ് നമ്പർ 6 ബോക്സിംഗ് ചാംപ്യൻഷിപ്പിൽ അമേരിക്കൻ ബോക്സർ ഷോബിയെ പരാജയപ്പെടുത്തിയ ഇന്ത്യൻ താരം കെ.എസ് വിനോദിനെ വിജയിയായി പ്രഖ്യാപിച്ചപ്പോൾ

ഇന്ത്യയിൽ നടത്താൻ അനുമതി ലഭിച്ചാൽ കൊച്ചിയാകും വേദിയാവുകയെന്നും ഇവർ പറഞ്ഞു. ഫൈറ്റിംഗ് സ്പോർട്സ് ആയ ബോക്സിംഗ് കേരളത്തിൽ യുവാക്കൾക്കിടയിൽ കൂടുതൽ പ്രോൽസാഹിപ്പിക്കപ്പെടേണ്ടതുണ്ടെന്ന് കെ.എസ് വിനോദ് പറഞ്ഞു. ബോക്സിംഗിൽ തിളങ്ങാൻ പറ്റുന്ന വിധത്തിൽ കരുത്തും കഴിവുമുള്ള ഒട്ടേറ യുവാക്കൾ കേരളത്തിൽ ഉണ്ട്. ഇവർക്ക് വേണ്ട പ്രോൽസാഹനം നൽകി ശരിയായ രീതിയിൽ പരിശീലിപ്പിച്ചാൽ ഒളിംപിക്സിൽ ബോക്സിംഗ് മൽസരത്തിൽ ഇന്ത്യയെ പ്രതിനിധികരിച്ച് മെഡൽ നേടാൻ കേരളത്തിൽ നിന്നും ചെറുപ്പക്കാർ ഉണ്ടാകുമെന്നും കെ.എസ് വിനോദ് പറഞ്ഞു. സ്പോർട്സിന് മുന്തിയ പരിഗണന നൽകിയാൽ സമൂഹത്തെ കാർന്നു തിന്നുന്ന ലഹരിയിലേക്ക് ചെറുപ്പക്കാർ പോകുന്നത് തടയാൻ കഴിയും. ഹൃദയാരോഗ്യം മികച്ച രീതിയിൽ സംരക്ഷിക്കാൻ സാധിക്കുന്ന നല്ലൊരു കായിക വിനോദം കൂടിയാണ് ബോക്സിംഗ്. ഇത് തിരിച്ചറിഞ്ഞ് കുടുതൽ പേർ ബോക്സിംഗ് പരിശീലനത്തിൽ ഏർപ്പെടുന്നുണ്ടെന്നും കെ.എസ് വിനോദ് പറഞ്ഞു.എറണാകുളം കുമാരനാശൻ നഗറിൽ താമസിക്കുന്ന വിനോദ് മുൻ മിസ്റ്റർ ഇന്ത്യകൂടിയാണ്.ഇന്ത്യയിലെ തന്നെ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ബോക്സിംഗ് ക്ലബ്ബായ ടൈറ്റിൽ ബോക്സിംഗ് ക്ലബ്ബിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫിസറാണ് വിനോദ്.

## ക്ഷേമ പദ്ധതികൾ ജനങ്ങളിലെത്തിച്ച് വികസിത് ഭാരത് സങ്കൽപ്പ്‌യാത്ര തൃശ്ശൂർ ജില്ലയിൽ പര്യടനം തുടരുന്നു

**തൃശ്ശൂർ :** തൃശ്ശൂർ ജില്ലയിലെ പുഴയ്ക്കൽ ബ്ലോക്കിൽ പര്യടനം നടത്തിക്കൊണ്ടിരിക്കുന്ന വികസിത് ഭാരത് സങ്കൽപ് യാത്രയ്ക്ക് അടാട്ട് ഗ്രാമ പഞ്ചായത്തിൽ സ്വീകരണം നൽകി.

മുതുവറ ക്ഷേത്ര മൈതാനത്ത് നടന്ന പരിപാടിയുടെ ഉദ്ഘാടനം അടാട്ട് ഗ്രാമ പഞ്ചായത്ത് പന്ത്രണ്ടാം വാർഡ് മെമ്പർ എ.ബി വിജേഷ് നിർവഹിച്ചു. വിവിധ കേന്ദ്ര പദ്ധതികളിലെ കേന്ദ്ര പദ്ധതികളിൽ അംഗമായി വിജയകരമായ സംരംഭങ്ങൾ നടത്തുന്ന ഗുണഭോക്താക്കളെ ചടങ്ങിൽ ആദരിച്ചു. ഗുണഭോക്താക്കൾ തങ്ങളുടെ അനുഭവങ്ങൾ പങ്കുവെച്ചു.കേന്ദ്ര ഗവൺമെന്റിന്റെ വിവിധ സാമൂഹിക സുരക്ഷാ പദ്ധതികളിൽ പേര് ചേർക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിരുന്നു, പരിപാടിയുടെ ഭാഗമായി ചാത്തൻ കോൾപടവ് പാടശേഖരത്ത് ഡ്രോൺ ഉപയോഗിച്ച് വളം തളിക്കുന്നത് കർഷകർക്ക് പരിചയപ്പെടുത്തി.

അടാട്ട് പഞ്ചായത്ത് സെക്രട്ടറി വേണുഗോപാൽ അധ്യക്ഷത വഹിച്ച യോഗത്തിൽ ജില്ലാ ലീഡ് ബാങ്ക് മാനേജർ മോഹനചന്ദ്രൻ, നബാഡ് ഡി.ബി.എം സെബിൻ ആന്റണി, പഞ്ചായത്ത് മെമ്പർമാരായ ശ്രീജിത്ത്, ലത എന്നിവർ സംസാരിച്ചു.






# ശബരിമലയിൽ കുട്ടികൾക്ക് സുരക്ഷയേകാൻ കേരളാ പോലീസ് -വി സഹകരണം

**പത്തനംതിട്ട:** മണ്ഡലകാലം ശബരിമലയിലെത്തുന്ന കുട്ടികളുടെ സുരക്ഷ ഉറപ്പാക്കാനായി ടെലികോം സേവനദാതാവായ വി കേരളാ പോലീസുമായി സഹകരിക്കുന്നു. വൻതിരക്കിനിടയിൽ കുട്ടികളെ കാണാതാകുന്നത് ഓരോ വർഷവും ആശങ്കയുയർത്താറുണ്ട്. ഇവരെ ഉറ്റവരുടെ അടുത്തെത്തിക്കാൻ കേരളാ പോലീസും വലിയ ശ്രമം നടത്തേണ്ടിവരാറുണ്ട്. തീർത്ഥാടകരും പോലീസ് വകുപ്പും നേരിടുന്ന വെല്ലുവിളികൾ മനസ്സിലാക്കി തീർത്ഥാടകരെ സുരക്ഷിതരാക്കാൻ വേണ്ടി ക്യുആർ കോഡ് സാങ്കേതികവിദ്യയുടെ പിൻബലത്തോടെയുള്ള ബാൻഡാണ് വി തയ്യാറാക്കിയിരിക്കുന്നത്.തീർത്ഥാടകർക്ക് കേരളത്തിലെ ഏറ്റവും അടുത്തുള്ള വി സ്റ്റോറോ പമ്പയിലെ വി സ്റ്റാളോ സന്ദർശിച്ച് രക്ഷിതാവിൻറേയോ കുടുംബാംഗങ്ങളുടേയോ മൊബൈൽ നമ്പർ നൽകി ക്യൂആർ കോഡ് സംവിധാനമുള്ള ബാൻഡിനായി രജിസ്റ്റർ ചെയ്യാം. കുട്ടികളുടെ കയ്യിൽ ഈ ബാൻഡ് കെട്ടി ഈ സേവനം പ്രയോജനപ്പെടുത്താം. കൂട്ടം തെറ്റിപോയ കുട്ടികളെ കണ്ടെത്തുമ്പോൾ അടുത്തുള്ള കേരളാ പോലീസ് ചെക് പോസ്റ്റിൽ എത്തിക്കുക. അവിടെ ഡ്യൂട്ടിയിലുള്ള ഓഫിസർമാർ ക്യൂആർ കോഡ് സ്കാൻ ചെയ്ത് രജിസ്ട്രേഡ് മൊബൈൽ നമ്പറിൽ വിളിക്കുകയും ചെയ്യും. അങ്ങനെ അറിയിക്കുമ്പോൾ രക്ഷിതാക്കൾക്കോ കുടുംബാംഗങ്ങൾക്കോ പോലീസ് ചെക് പോസ്റ്റിൽ തങ്ങളുടെ കുട്ടികളെ കൈപ്പറ്റാവുന്നതാണ്.പത്തനംതിട്ട ജില്ലാ പോലീസ് മേധാവി അജിത്ത് വി ഐപിഎസ് വോഡഫോൺ ഐഡിയ ലിമിറ്റഡിൻറെ കേരള സർക്കിൾ ഓപ്പറേഷൻസ് ഹെഡും വൈസ് പ്രസിഡൻറുമായ ബിനു ജോസിൻറെ സാന്നിധ്യത്തിൽ പത്തനംതിട്ട എസ്പി ഓഫീസിൽ നടന്ന ചടങ്ങിൽ വെച്ച് വി ക്യൂആർ കോഡ് ബാൻഡുകൾ ഒദ്യോഗികമായി പുറത്തിറക്കി.

ജീവിതം ലളിതവും കൂടുതൽ മെച്ചപ്പെട്ടതും ആക്കുന്നതിനായി മൂല്യവർധിത സേവനങ്ങളും പദ്ധതികളും ജനങ്ങളിലേക്ക് എത്തിക്കുവാൻ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്ന കാര്യത്തിൽ വി എന്നും മുന്നിലാണെന്ന് എല്ലാ ശബരിമല തീർത്ഥാടകർക്കും ആശംസകൾ നേർന്നുകൊണ്ട് വോഡഫോൺ ഐഡിയ ലിമിറ്റഡിൻറെ കേരള സർക്കിൾ ഓപ്പറേഷൻസ് ഹെഡും വൈസ് പ്രസിഡൻറുമായ ബിനു ജോസ് പറഞ്ഞു.മണ്ഡലമകരവിളക്ക് കാലത്ത് അഭിമുഖീകരിക്കുന്ന വലിയ പ്രശ്നങ്ങളിലൊന്ന് പരിഹരിക്കുന്നതിന് വിയുടെ സാങ്കേതിക സഹായം അവതരിപ്പിക്കുന്നതിൽ തങ്ങൾക്ക് സന്തോഷമുണ്ട്. വി സുരക്ഷ ക്യൂആർ കോഡ് ബാൻഡ് കൂട്ടം തെറ്റിപോകുന്ന തീർഥാടകരായ കുട്ടികളെ എളുപ്പത്തിൽ കണ്ടെത്തുന്നതിനും ഒടുവിൽ കുട്ടികളെ അവരുടെ രക്ഷിതാക്കൾക്ക് കൈമാറാൻ കേരള പോലീസ് സേനയെ വളരെയധികം സഹായിക്കുമെന്നും പത്തനംതിട്ട ജില്ലാ പോലീസ് മേധാവി അജിത്ത് വി ഐപിഎസ് പറഞ്ഞു.

കേരളത്തിലുള്ള ഏറ്റവും അടുത്ത വി സ്റ്റോറിലെത്തിയോ പമ്പയിലുള്ള വി സ്റ്റാളിൽ എത്തിയോ ആവശ്യമായ വിവരങ്ങൾ നൽകി ക്യൂആർ കോഡ് ബാൻഡിനായി രജിസ്റ്റർ ചെയ്യാവുന്നതാണ്. തീർത്ഥാടന കാലം ഈ ക്യൂആർ കോഡ് ബാൻഡുകൾ പ്രവർത്തനസജ്ജമായിരിക്കും. ഇതു കൈമാറ്റം ചെയ്യാനാവാത്തതാണ്.



**ഇൻഡ്യൻ സ്മോൾ സ്കെയിൽ പെയിന്റ് അസോസിയേഷൻ കേരള റീജിയൺ വാർഷിക സമ്മേളനം ട്രാൻസെന്റ്2023 എറണാകുളം ലേ മെറീഡിയനിൽ ഡയറക്ടറേറ്റ് ഓഫ് ജി.എസ്.ടി ഇന്റലിജെന്റ്സ് കേരള അഡീഷണൽ ഡയറക്ടർ ജനറൽ ഗിരിധർ ജി.പൈ ഐ.ആർ.എസ് ഉദ്ഘാടനം ചെയ്യുന്നു. ചെറി വി.നായർ, ദിനേഷ് പ്രഭു, വിജയ് ഡഗ്ലി, ശംഭു നമ്പൂതിരി, ഹേമന്ത് ജലാൻ സമീപം**

## ഇസ്പാ കേരള റീജിയൺ വാർഷിക സമ്മേളനത്തിന് തുടക്കം

# എം.എസ്.എം.ഇകൾ ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ പ്രധാന നട്ടെല്ല്: ഗിരിധർ ജി.പൈ ഐ.ആർ.എസ്

കൊച്ചി: എം.എസ്.എം.ഇകൾ ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ പ്രധാന നട്ടെല്ലാണെന്ന് ഡയറക്ടറേറ്റ് ഓഫ് ജി.എസ്.ടി ഇന്റലിജെന്റ്സ് കേരള അഡീഷണൽ ഡയറക്ടർ ജനറൽ ഗിരിധർ ജി.പൈ പറഞ്ഞു. ഇൻഡ്യൻ സ്മോൾ സ്കെയിൽ പെയിന്റ് അസോസിയേഷൻ കേരള റീജിയൺ വാർഷിക സമ്മേളനം ട്രാൻസെന്റ് 2023 എറണാകുളം ലേ മെറീഡിയനിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

തൊഴിൽ ദാനത്തിലും എം.എസ്.എം.ഇകളുടെ പങ്ക് നിർണായകമാണ്.എം.എസ്.എം.ഇകളുടെ വളർച്ചയ്ക്കായി നിരവധി പദ്ധതികളാണ് കേന്ദ്രസർക്കാർ നടപ്പിലാക്കുന്നതെന്നും ഇത് ഉപയോഗപ്പെടുത്താൻ എം.എസ്.എം.ഇകൾ ശ്രദ്ധ ചെലുത്തണമെന്നും ഗിരിധർ ജി.പൈ പറഞ്ഞു.

ഇൻഡ്യൻ സ്മോൾ സ്കെയിൽ പെയിന്റ് അസോസിയേഷൻ പ്രസിഡന്റ് വിജയ് ഡഗ്ലി അധ്യക്ഷത വഹിച്ചു.

ഇൻഡിഗോ പെയിന്റ്സ് മാനേജിംഗ് ഡയറക്ടർ ഹേമന്ത് ജലാൻ മുഖ്യപ്രഭാഷണം നടത്തി.വിസൻ ഇൻഡസ്ട്രീസ് ഡയറക്ടർ ചെറി വി.നായർ, ഇൻഡ്യൻ സ്മോൾ സ്കെയിൽ പെയിന്റ് അസോസിയേഷൻ കൺവീനർ ദിനേഷ് പ്രഭു, കേരള റീജിയൺ ചെയർമാൻ ശംഭു നമ്പൂതിരി തുടങ്ങിയവർ സംസാരിച്ചു.

സമാപന ദിനമായ ഇന്ന് (21.12.23) പെയിന്റിങ് വ്യവസായവുമായി ബന്ധപ്പെട്ട് വിവിധ വിഷയങ്ങളിൽ സെമിനാറുകളും അവതരണങ്ങളും നടക്കും.

# സിഎംഎഫ്ആർഐയുടെ രണ്ട് കടൽപായൽ ഉൽപന്നങ്ങൾ വിപണിയിലേക്ക്

**കൊച്ചി:** കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) കടൽപായലിൽ നിന്നും നിർമിച്ച രണ്ട് പ്രകൃതിദത്ത ഉൽപന്നങ്ങൾ വിപണിയിലേക്ക്. വൈറസുകൾക്കെതിരിൽ പ്രതിരോധശേഷി വർധിപ്പിക്കാൻ സഹായിക്കുന്ന കടൽമീൻ ഇമ്യൂണോ ആൽഗിൻ എക്സട്രാക്റ്റ് എന്ന ഉൽപന്നവും രക്തത്തിലെ ഉയർന്ന അളവിലുള്ള കൊളസ്ട്രോൾ നിയന്ത്രണവിധേയമാക്കുന്ന കടൽമീൻ ആന്റിഹൈപർകൊളസ്ട്രോളമിക് എക്സ്ട്രാറ്റുമാണ് വിപണിയിലെത്തുന്നത്. ഉൽപന്നങ്ങൾ വ്യാവസായികമായി ഉൽപാദിപ്പിച്ച് വിപണിയിലെത്തിക്കുന്നത് പയനിയർ ഫാർമസ്യൂട്ടിക്കൽസാണ്.

സാങ്കേതികവിദ്യ കൈമാറുന്നുള്ള കരാറിൽ സിഎംഎഫ്ആർഐ ഡയറക്ടർ ഡോ എ ഗോപാലകൃഷ്ണനും പയനിയർ ഫാർമസ്യൂട്ടിക്കൽസ് മാനേജിംഗ് പാർട്ണർ ജോബി ജോർജും ഒപ്പുവെച്ചു.



കടൽപായലിൽ അടങ്ങിയിരിക്കുന്ന ഫലപ്രദമായ ബയോആക്ടീവ് സംയുക്തങ്ങൾ വേർതിരിച്ചാണ് ഉൽപന്നങ്ങൾ വികസിപ്പിച്ചിരിക്കുന്നത്. സാർസ് കോവി2 ഡെൽറ്റ വകഭേദങ്ങളെ പ്രതിരോധിക്കാനുള്ള ആൻറി വൈറൽ ഗുണങ്ങളടങ്ങിയതാണ് കടൽമീൻ ഇമ്യൂണോആൽഗിൻ എക്സട്രാക്റ്റ്. കോവിഡ് അനന്തര ആരോഗ്യപ്രശ്നങ്ങളുള്ളവരിൽ പ്രതിരോധശേഷി വർധിപ്പിക്കാൻ ഇത് സഹായകരമാണെന്ന് ഉൽപന്നങ്ങൾ വികസിപ്പിക്കുന്നതിന് നേതൃത്വം നൽകിയ സിഎംഎഫ്ആർഐയിലെ മറൈൻ ബയോടെക്നോളജി ഫിഷ് ന്യൂട്രീഷൻ ആൻറ് ഹെൽത്ത് ഡിവിഷൻ മേധാവി ഡോ കാജൽ ചക്രവർത്തി പറഞ്ഞു. സാർസ് കോവി2 ഡെൽറ്റ വകഭേദങ്ങൾ ബാധിച്ച കോശങ്ങളിൽ വൈറസ്ബാധയുടെ വ്യാപ്തി കുറയക്കാനും അമിതമായ അളവിലുള്ള സൈറ്റോകൈൻ ഉൽപാദനം നിയന്ത്രിച്ച് പ്രതിരോധസംവിധാനം മെച്ചപ്പെടുത്താനും ഈ ഉൽപന്നം സഹായകരമാകുന്നതായി പരീക്ഷണങ്ങളിൽ കണ്ടെത്തിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

രക്തത്തിലെ ഉയർന്ന അളവിലുള്ള കൊളസ്ട്രോളും കൊഴുപ്പും നിയന്ത്രിക്കാൻ സഹായിക്കുന്ന കടൽപായലിലെ ചേരുവകൾ ഉപയോഗിച്ച് വികസിപ്പിച്ചതാണ് കടൽമീൻ ആന്റിഹൈപർകൊളസ്ട്രോളമിക് എക്സ്ട്രാറ്റ്. ഉൽപന്നങ്ങൾ ആറു മാസത്തിനുള്ളിൽ വിപണിയിലെത്തും.ഇന്ത്യൻ കടൽതീരങ്ങലിൽ ലഭ്യമായ കടൽപായലുകളിൽ നിന്നാണ് ഈ ഉൽപന്നങ്ങൾ വികസിപ്പിച്ചിരിക്കുന്നത്. പൂർണമായും പ്രകൃതിദത്തചേരുവകളാണ് ഉപയോഗിച്ചിട്ടുള്ളത്. കടൽപായലിന്റെ ഔഷധ ആരോഗ്യസംരക്ഷണ സാധ്യതകൾ പരമാവധി പ്രയോനപ്പെടുത്തി കൂടുതൽ ഉൽപന്നങ്ങൾ വികസിപ്പിക്കാൻ സിഎംഎഫ്ആർഐക്ക് പദ്ധതിയുണ്ടെന്ന് ഡയറക്ടർ ഡോ എ ഗോപാലകൃഷ്ണൻ പറഞ്ഞു. ഈ രണ്ട് ഉൽപന്നങ്ങൾക്ക് പുറമെ, പ്രമേഹം, സന്ധിവേദന, അമിത രക്തസമർദ്ദം, തൈറോയിഡ്, ഫാറ്റി ലിവർ എന്നീ രോഗങ്ങളെ ചെറുക്കുന്നതിനുള്ള ന്യൂട്രാസ്യൂട്ടിക്കൽ ഉൽപന്നങ്ങൾ കടൽപായലിൽ നിന്നും സിഎംഎഫ്ആർഐ വികസിപ്പിച്ചിട്ടുണ്ട്.

# മെഡിക്കൽ കോളേജുകളിൽ വൻ മാറ്റം: പുതിയ 270 തസ്തികകൾ

- ഇത്രയുമധികം മെഡിക്കൽ അധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത് ഇതാദ്യം
- സംസ്ഥാനത്ത് ആദ്യമായി ക്രിറ്റിക്കൽ കെയർ, ജനറ്റിക്സ്, ജെറിയാട്രിക്, ഇന്റർവെൻഷണൽ റേഡിയോളജി, റുമറ്റോളജി വിഭാഗങ്ങൾ
- ആദ്യമായി വിവിധ മെഡിക്കൽ കോളേജുകളിൽ 42 സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ

**തിരുവനന്തപുരം:** സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 270 തസ്തികകൾ സൃഷ്ടിക്കാൻ മന്ത്രിസഭായോഗം അനുമതി നൽകിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. 262 അധ്യാപക തസ്തികകളും 8 അനധ്യാപക തസ്തികകളുമാണ് സൃഷ്ടിച്ചത്. തിരുവനന്തപുരം 25, കൊല്ലം 29, കോന്നി 37, ആലപ്പുഴ 8, കോട്ടയം 4, എറണാകുളം 43, ഇടുക്കി 50, തൃശൂർ 7, മഞ്ചേരി 15, കോഴിക്കോട് 9, കണ്ണൂർ 31, കാസർഗോഡ് 1 എന്നിങ്ങനെ മെഡിക്കൽ കോളേജുകളിലും അപെക്സ് ട്രോമ ആന്റ് എമർജൻസി ലേണിങ് സെന്ററിൽ (അാള) 3 അധ്യാപക തസ്തികകളും കോന്നി 1, ഇടുക്കി 1, അറ്റെൽക് 6 എന്നിങ്ങനെ അനധ്യാപക തസ്തികകളുമാണ് സൃഷ്ടിച്ചത്. എല്ലാ മെഡിക്കൽ കോളേജുകളിലേയും സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ കൂടുതൽ ശക്തമാക്കാൻ ഇത് സഹായിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

തിരുവനന്തപുരം, കൊല്ലം, കോന്നി, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ, മഞ്ചേരി, കോഴിക്കോട്, കണ്ണൂർ മെഡിക്കൽ കോളേജുകളിൽ ആദ്യമായി 42 സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ആരംഭിക്കുന്നതിനായുള്ള തസ്തികകൾ സൃഷ്ടിച്ചു. സംസ്ഥാനത്ത് ആദ്യമായി ക്രിറ്റിക്കൽ കെയർ മെഡിസിൻ, മെഡിക്കൽ ജനറ്റിക്സ്, ജെറിയാട്രിക്, ഇന്റർവെൻഷണൽ റേഡിയോളജി, റുമറ്റോളജി വിഭാഗങ്ങൾ ആരംഭിക്കുന്നതിനായും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിലാണ് ഈ വിഭാഗങ്ങൾ ആരംഭിക്കാനുള്ള തസ്തികകൾ സൃഷ്ടിച്ചത്. കോട്ടയം, കോഴിക്കോട് മെഡിക്കൽ കോളേജിലും ഇന്റർവെൻഷണൽ റേഡിയോളജി, റുമറ്റോളജി വിഭാഗങ്ങൾ ആരംഭിക്കുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജിനെ മികവിന്റെ കേന്ദ്രമാക്കാനായി മാറ്റുന്നതിന്റെ ഭാഗമായി വലിയ ഇടപെടലുകളാണ് നടത്തുന്നത്. മന്ത്രി വീണാ ജോർജ് നിരവധി തവണ മെഡിക്കൽ കോളേജിലെത്തിയും അല്ലാതെയും ചർച്ചകൾ നടത്തി ക്വാളിറ്റി മാനേജ്മെന്റ് ഇനിഷ്യേറ്റീവ് ഉൾപ്പെടെയുള്ള പദ്ധതികൾ നടപ്പിലാക്കി. ഇതുകൂടാതെയാണ് തസ്തികകൾ സൃഷ്ടിക്കാൻ നടപടി സ്വീകരിച്ചത്.

കൊല്ലം മെഡിക്കൽ കോളേജിൽ ആദ്യമായി എമർജൻസി മെഡിസിൻ, പിഎംആർ, കാർഡിയോളജി, നെഫ്രോളജി, ന്യൂറോളജി, ന്യൂറോ സർജറി, പ്ലാസ്റ്റിക് സർജറി, കോന്നി മെഡിക്കൽ കോളേജിൽ എമർജൻസി മെഡിസിൻ, പിഎംആർ, ആലപ്പുഴ മെഡിക്കൽ കോളേജിൽ എമർജൻസി മെഡിസിൻ, പ്ലാസ്റ്റിക് സർജറി, നിയോനറ്റോളജി, കോട്ടയം മെഡിക്കൽ കോളേജിൽ ഇന്റർവെൻഷണൽ റേഡിയോളജി, നിയോനറ്റോളജി, റുമറ്റോളജി, എറണാകുളം മെഡിക്കൽ കോളേജിൽ എമർജൻസി മെഡിസിൻ, പിഎംആർ, കാർഡിയോ തൊറാസിക്, ന്യൂറോ സർജറി, നിയോനെറ്റോളജി, പീഡിയാട്രിക് സർജറി, യൂറോളജി, ഇടുക്കി മെഡിക്കൽ കോളേജിൽ എമർജൻസി മെഡിസിൻ, പിഎംആർ, കാർഡിയോളജി, തൃശൂർ മെഡിക്കൽ കോളേജിൽ എമർജൻസി മെഡിസിൻ, മഞ്ചേരി മെഡിക്കൽ കോളേജിൽ എമർജൻസി മെഡിസിൻ, പിഎംആർ, കാർഡിയോളജി, കാർഡിയോതൊറാസിക്, നെഫ്രോളജി, ന്യൂറോളജി, യൂറോളജി, കോഴിക്കോട് മെഡിക്കൽ കോളേജിൽ റുമറ്റോളജി, ഇന്റർവെൻഷണൽ റേഡിയോളജി, എൻഡോക്രൈനോളജി, കണ്ണൂർ മെഡിക്കൽ കോളേജിൽ പ്ലാസ്റ്റിക് സർജറി എന്നീ വിഭാഗങ്ങളിലാണ് അതത് മെഡിക്കൽ കോളേജുകളിൽ ആദ്യമായി തസ്തികകൾ സൃഷ്ടിക്കുന്നത്. കാസർഗോഡ് മെഡിക്കൽ കോളേജിൽ ആദ്യമായി പ്രിൻസിപ്പലിനെ നിയമിച്ചു. തിരുവനന്തപുരം ജനറൽ ആശുപത്രി ക്യാമ്പസിൽ പ്രവർത്തിക്കുന്ന സംസ്ഥാനത്തെ അപെക്സ് ട്രോമ ആന്റ് എമർജൻസി ലേണിങ് സെന്ററിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി ആദ്യമായി പ്രിൻസിപ്പൽ1, പ്രൊഫസർ 1, അസി. പ്രൊഫസർ 1 എന്നിവയും അക്കൗണ്ട് ഓഫീസർ, സീനിയർ ക്ലർക്ക്, ഡേറ്റ എൻട്രി ഓപ്പറേറ്റർ, ഓഫീസ് അറ്റൻഡന്റ്, ഇലക്ട്രീഷ്യൻ, ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് രണ്ട് തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

# ദേശീയ സരസ് മേള ഇന്ന് മുതൽ കൊച്ചിയിൽ

**കൊച്ചി:** കേന്ദ്രസംസ്ഥാന സർക്കാരുകളുടെ സംയുക്താഭിമുഖ്യത്തിൽ കുടുംബശ്രീ നടത്തുന്ന ദേശീയ സരസ് മേള കലൂർ ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ വ്യാഴാഴ്ച വൈകിട്ട് 4ന് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എം.ബി രാജേഷ് ഉദ്ഘാടനം ചെയ്യും. മന്ത്രി പി രാജീവ് അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ഹൈബി ഈഡൻ എം.പി, ടി.ജെ വിനോദ് എം.എൽ.എ, ഉമ തോമസ് എം.എൽ.എ, കൊച്ചി മേയർ അഡ്വ. എം അനിൽകുമാർ, വി.ഡി സതീശൻ, നടി നിഖില വിമൽ തുടങ്ങിയവർ പങ്കെടുക്കും.

ഇന്ത്യയിലെ ഗ്രാമീണ സംരംഭകരുടെ ഏറ്റവും വലിയ ഉൽപ്പന്ന പ്രദർശന വിപണന മേളയായ സരസ്മേള ഡിസംബർ 21 മുതൽ ജനുവരി ഒന്ന് വരെയാണ് അരങ്ങേറുന്നത്. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ വനിതാ സംരംഭകരുടെയും സ്വയം സഹായ സംഘങ്ങളുടെയും ഉൽപന്നങ്ങളുടെ പ്രദർശനവും വിപണനവുമാണ് ദേശീയ സരസ്മേള ലക്ഷ്യമിടുന്നത്. വിവിധ വിഷയങ്ങളിൽ പ്രമുഖർ പങ്കെടുക്കുന്ന സെമിനാറുകൾ, കലാസാംസ്കാരിക സായാഹ്നം, ജില്ലയിലെ വിവിധ സിഡിഎസ്സുകളുടെ നേതൃത്വത്തിൽ നടക്കുന്ന കലാപരിപാടികളും മേളയിൽ അരങ്ങേറും.

കൊച്ചി ദേശീയ സരസ്മേളയുടെ പ്രചാരണ പ്രവർത്തനങ്ങളുടെ ഭാഗമായി കുട്ടികളുടെ കുട്ടി പുഞ്ചിരി മത്സരം, കോളേജ് വിദ്യാർത്ഥികൾക്കായി ക്വിസ് മത്സരം, ഫോട്ടോഗ്രാഫി മത്സരം, ലോഗോ കോമ്പറ്റീഷൻ, തീം ഗാനം, ട്രൈലെർ വിഡിയോ തുടങ്ങിയ സംഘടിപ്പിച്ചിട്ടുണ്ട്. എറണാകുളം ജില്ലയുടെ തനത് കലാരൂപമായ ചവിട്ട് നാടകത്തിൽ 500ൽപരം സ്ത്രീകൾ അണിചേർന്ന് ലോക റെക്കോർഡ് നേടുന്നതിനുള്ള ശ്രമത്തിനും സരസ് സാക്ഷ്യം വഹിക്കും.

കുടുംബശ്രീയുടെ നേതൃത്വത്തിൽ രാജ്യത്തിന്റെ നാനാഭാഗങ്ങളിൽ നിന്നുള്ള മുന്നൂറിലധികം ഭക്ഷണ വിഭവങ്ങളും 120ലധികം പാചകവിദഗ്ധരായ വനിതാ കാറ്ററിംഗ് സംരംഭകരും അണിനിരക്കുന്ന ഇന്ത്യ ഫുഡ് കോർട്ടും മേളയുടെ ഭാഗമായി സജ്ജമാകുന്നുണ്ട്.

കേന്ദ്രസർക്കാർ സരസ് മേളയ്ക്കായി അനുവദിക്കുന്നത് 35 ലക്ഷം രൂപയാണ്. കൂടാതെ സംസ്ഥാനസർക്കാർ അനുവദിക്കുന്ന 50 ലക്ഷം രൂപയും, മേള നടക്കുന്ന ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നായി ലഭിക്കുന്ന തുകയും മറ്റു സ്പോൺസർഷിപ്പുകളും ഉപയോഗിച്ചാണ് ദേശീയ സരസ്മേള സംഘടിപ്പിക്കുന്നത്.

കുടുംബശ്രീയുടെ നേതൃത്വത്തിൽ ഇതുവരെ 9 സരസ് മേളകളാണ് സംഘടിപ്പിച്ചിട്ടുള്ളത്. കുടുംബശ്രീ നടത്തുന്ന പത്താമത്തേയും എറണാകുളം ജില്ലയിലെ ആദ്യത്തെയും സരസ്മേളയ്ക്കാണ് ജില്ല ഇത്തവണ ആതിഥ്യം വഹിക്കുന്നത്.

നഞ്ചിയമ്മ, സ്റ്റീഫൻ ദേവസി, ആശ ശരത്, പ്രശാന്ത് നാട്ടുപൊലിമ, റിമിടോമി, രമ്യ നമ്പീശൻ, രൂപ രേവതി, സുദീപ് പലനാട്, ഷഹബാസ് അമൻ, പദ്മശ്രീ മട്ടന്നൂർ ശങ്കരൻകുട്ടി മാരാർ എന്നീ പ്രമുഖർ അവതരിപ്പിക്കുന്ന കലാവിരുന്നുകളും മേളയിൽ അരങ്ങേറുന്നുണ്ട്. സരസ്മേളയുടെ ഭാഗമായി മികച്ച പത്ര ദൃശ്യ ശ്രവ്യ മാധ്യമങ്ങൾക്ക് അവാർഡുകൾ നൽകും. മികച്ച ദൃശ്യമാധ്യമം, മികച്ച പത്രമാധ്യമം, മികച്ച ശ്രവ്യമാധ്യമം റിപ്പോർട്ടർ, മികച്ച ലേഖകൻ, മികച്ച വ്ളോഗ്ഗർ, മികച്ച ഫോട്ടോഗ്രാഫർ തുടങ്ങിയ വിഭാഗങ്ങളിൽ ദേശീയ സരസ്മേള ഏറ്റവും നന്നായി റിപ്പോർട്ട് ചെയ്യുന്നവർക്കാണ് അവാർഡുകൾ നൽകുന്നത്.

ദേശീയ സരസ്സ് മേളയ്ക്ക് മുന്നോടിയായി നടന്ന പത്രസമ്മേളനത്തിൽ കുടുംബശ്രീ ഡയറക്ടർ കെ.എസ്. ബിന്ദു,ജില്ലാ മിഷൻ കോഓഡിനേറ്റർ ടി.എം. റെജീന, അഡീഷണൽ ജില്ലാ കോഓഡിനേറ്റർ കെ.സി. അനു എന്നിവർ പങ്കെടുത്തു.

## പ്രൈമറി അധ്യാപക ഒഴിവ്: ഭിന്നശേഷിക്കാർക്ക് അപേക്ഷിക്കാം

**തിരുവനന്തപുരം:** തിരുവനന്തപുരത്തെ എയ്ഡഡ് സ്കൂളിൽ പ്രൈമറി വിഭാഗത്തിൽ ഭിന്നശേഷി ഉദ്യോഗാർഥികൾക്കായി (കാഴ്ച പരിമിതി 1, കേൾവിക്കുറവ് 1) സംവരണം ചെയ്ത അധ്യാപക തസ്തികകളിൽ ഒഴിവുണ്ട്. യോഗ്യത: എസ്.എസ്.എൽ.സി, ടി.ടി.സി അല്ലെങ്കിൽ ഡി.എഡ് പാസായിരിക്കണം അല്ലെങ്കിൽ ഡിഗ്രി, ബി.എഡ് അല്ലെങ്കിൽ തത്തുല്യം. യോഗ്യത പരീക്ഷ പാസായിരിക്കണം. വയസ്: 1840 (ഭിന്നശേഷിക്കാർക്ക് നിയമാനുസൃത ഇളവ് അനുവദിക്കും). നിശ്ചിത യോഗ്യതയുള്ളവർ അസൽ സർട്ടിഫിക്കറ്റുകളുമായി അതത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഡിസംബർ 27നു മുമ്പ് പേര് രജിസ്റ്റർ ചെയ്യണം.

## ഗസ്റ്റ് ഇൻസ്ട്രക്ടർ അഭിമുഖം

**തിരുവനന്തപുരം:** ആറ്റിങ്ങൽ ഗവ. ഐ.ടി.ഐയിൽ ഒഴിവുള്ള സർവയർ ട്രേഡിൽ ഒ.സി വിഭാഗത്തിനായും മെക്കാനിക് ഡീസൽ ട്രേഡിൽ എസ്.സി വിഭാഗത്തിനായും സംവരണം ചെയ്തിട്ടുള്ള രണ്ട് ഒഴിവുകളിലേക്ക് ബന്ധപ്പെട്ട വിഷയത്തിൽ എൻജിനീയറിങ് അല്ലെങ്കിൽ NAC യും ഒരു വർഷത്തെ പ്രവൃത്തിപരിചയവും ഉള്ളവരിൽ നിന്നും ഗസ്റ്റ് ഇൻസ്ട്രക്ടറെ താൽക്കാലികമായി നിയമിക്കുന്നതിനുള്ള അഭിമുഖം ഡിസംബർ 26ന് നടത്തും. താല്പര്യമുള്ള ഈ വിഭാഗത്തിലുള്ളവർ യോഗ്യത തെളിയിക്കുന്ന അസൽ രേഖകളുമായി അന്നേ ദിവസം രാവിലെ 10.30ന് ഐ.ടി.ഐ ഓഫീസിൽ നേരിട്ട് ഹാജരാകണം. ഫോൺ: 0470 2622391.

## ശിൽപ്പശാല

**തിരുവനന്തപുരം:** മാർക്കറ്റിംഗ് മേഖലയിൽ കൂടുതൽ പ്രാവിണ്യം നേടാൻ ആഗ്രഹിക്കുന്ന സംരംഭകർക്കായി വ്യവസായ വാണിജ്യ വകുപ്പിന്റെ സംരംഭകത്വ വികസന ഇൻസ്റ്റിറ്റ്യൂട്ടായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ്, മൂന്നു ദിവസത്തെ 'മാർക്കറ്റ് മിസ്റ്ററി' വർക്ഷോപ്പ് സംഘടിപ്പിക്കുന്നു. ഡിസംബർ 28 മുതൽ 30 വരെ കളമശേരി കെ.ഐ.ഇ.ഡി ക്യാമ്പസിലാണ് പരിശീലനം. എംഎസ്എംഇ മേഖലയിലെ സംരംഭകർ/ എക്സിക്യൂട്ടീവ്സ് എന്നിവർക്ക് പങ്കെടുക്കാം. മാർക്കറ്റ് ഐഡന്റിഫിക്കേഷനും സ്കോപ്പിങ്ങും, മാർക്കറ്റ് സെഗ്മെന്റേഷൻ, മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ, ലീഡ് പരിവർത്തന പ്രക്രിയ, ഡിജിറ്റൽ മാർക്കറ്റിംഗും സോഷ്യൽ മീഡിയ ഇടപെടലുകളും, എ ഐ പ്രാപ്തമാക്കിയ മാർക്കറ്റിംഗ് ടൂളുകളിലേക്കുള്ള ആമുഖം, ഇകൊമേഴ്സിൽ ഉത്പന്നങ്ങളുടെ ഓൺബോർഡിംഗ്, മാർക്കറ്റിംഗിൽ ആശയവിനിമയത്തിന്റെ പ്രാധാന്യം, ടീം ബിൽഡിംഗ് ആൻഡ് മാനേജ്മെന്റ് തുടങ്ങിയ നിരവധി വിഷയങ്ങളാണ് പരിശീലനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 2,950 രൂപയാണ് മൂന്നു ദിവസത്തെ പരിശീലനത്തിന്റെ ഫീസ്. താമസം ആവശ്യമില്ലാത്തവർക്ക് 1,200 രൂപയാണ് ഫീസ്. പട്ടികജാതിപട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്ക് 1,800 രൂപ താമസം ഉൾപ്പെടെയും, 800 രൂപ താമസം കൂടാതെയുമാണ് ഫീസ്. പങ്കെടുക്കാൻ താത്പര്യമുള്ളവർ ഓൺലൈനായി kied.infot/raining-calender ൽ ഡിസംബർ 26ന് മുൻപ് അപേക്ഷ നൽകണം. തെരഞ്ഞെടുക്കപ്പെടുന്ന 35 പേർ ഫീസ് അടച്ചാൽ മതി. കൂടുതൽ വിവരങ്ങൾക്ക്: 0484 2532890/0484 2550322/9567538749.

# ഇരുമ്പിൻെറ കുറവ് പരിഹരിക്കാം

വിറ്റാമിൻ സി അടങ്ങിയ വിഭവങ്ങളും ഇരുന്പ് അടങ്ങിയ വിഭവങ്ങൾക്കൊപ്പം ആഹാരക്രമത്തിൽ ഉൾപ്പെടുത്തണം. വിറ്റാമിൻ സിയുടെ സഹായമില്ലാതെ ശരീരത്തിന് ആഹാരത്തിൽനിന്ന് ഇരുമ്പ് പൂർണമായും വലിച്ചെടുക്കാനാവില്ല.വിളർച്ച തടയാൻ ഇരുമ്പ് അവശ്യം.

പപ്പായ, ഓറഞ്ച്, നാരങ്ങ, സ്ട്രോബറി, മധുരനാരങ്ങ, തക്കാളി, ചീര തുടങ്ങിയവയിൽ വിറ്റാമിൻ സി ധാരാളം. വിറ്റാമിൻ ഗുളികകൾ ഫിസിഷ്യൻറെ നിർദേശപ്രകാരം സ്വീകരിക്കുന്നതാണ് ഉചിതം.

കോഴി, താറാവ് ഇറച്ചി, ചീര, മീൻ, മുട്ട, പാൽ, വെണ്ണ തുടങ്ങിയവയിൽ വിറ്റാമിൻ ബി12 ധാരാളം. വിറ്റാമിൻ ബി 9 ആണ് ഫോളിക് ആസിഡ് അഥവാ ഫോളേറ്റ്.

ചുവന്ന രക്താണുക്കളുടെ എണ്ണം വർധിപ്പിച്ചു വിളർച്ച തടയുന്നതിന് ഫോളിക് ആസിഡും സഹായകം.



കാബേജ്, പരിപ്പുകൾ, ഇലക്കറികൾ, നാരങ്ങ, ശതാവരി, കോളിഫ്ളവർ, കാബേജ്, മുട്ടയുടെ മഞ്ഞക്കരു, ഏത്തപ്പഴം, ഓറഞ്ച്, ബീൻസ്, ഉരുളക്കിഴങ്ങ്, തവിടു കളയാത്ത ധാന്യങ്ങൾ എന്നിവയിൽ ഫോളേറ്റുകളുണ്ട്.

വ്യായാമത്തിലേർപ്പെടുമ്പോൾ ശരീരത്തിനു കൂടുതൽ ഓക്സിജൻ ആവശ്യമായിവരുന്നു. ഈ ആവശ്യം നിറവേറ്റുന്നതിനു ശരീരം കൂടുതൽ ഹീമോഗ്ലോബിൻ ഉത്പാദിപ്പിക്കും.

ഭക്ഷണത്തിൽ നിന്ന് ഇരുന്പിനെ വലിച്ചെടുക്കാനുള്ള ശരീരത്തിൻറെ കഴിവു കുറയ്ക്കുന്ന വിഭവങ്ങളുണ്ട്. അവ ശീലമാക്കരുത്.

കാപ്പി, ചായ, കോള പാനീയങ്ങൾ, ബീയർ, വൈൻ, കാൽസ്യം ധാരാളമടങ്ങിയ പാലുത്പന്നങ്ങൾ, കാൽസ്യം സപ്ളിമെൻറ്സ് തുടങ്ങിയവ ഇരുന്പിൻറെ ആഗിരണം തടയുന്നതായി പഠനങ്ങളുണ്ട്.

ഹീമോഗ്ലോബിൻ തീരെ കുറവുള്ളവർ ഇത്തരം വിഭവങ്ങൾ എത്രത്തോളം ഉപയോഗിക്കണം എന്നതു സംബന്ധിച്ചു ഡയറ്റീഷൻറെ നിർദേശം തേടണം. സ്വയം ചികിത്സ വേണ്ട. വിളർച്ചാലക്ഷണങ്ങൾ അവഗണിക്കരുത്.

# രാത്രിയിലും രാവിലെയും നേരത്തെ ഭക്ഷണം കഴിക്കുന്നത് ഹൃദ്രോഗസാധ്യത കുറയ്ക്കും

എന്ത് കഴിക്കുന്നു എന്നത് പോലെ തന്നെ പ്രധാനമാണ് എപ്പോൾ കഴിക്കുന്നു എന്നതും. രാവിലെയും രാത്രിയിലും ഭക്ഷണം നേരത്തെ കഴിക്കുന്നത് ഹൃദ്രോഗസാധ്യത കുറയ്ക്കുമെന്ന് പുതിയ പഠനം ചൂണ്ടിക്കാട്ടുന്നു.

സ്പെയ്നിലെ ബാർസലോണ ഇൻസ്റ്റിറ്റിയൂട്ട് ഫോർ ഗ്ലോബൽ ഹെൽത്തിലെയും ഫ്രാൻസിലെ സെൻ്റർ ഓഫ് റിസർച്ച് ഇൻ എപ്പിഡെമോളജി ആൻഡ് സ്റ്റാറ്റിസ്റ്റിക്സിലെയും ഗവേഷകർ ചേർന്നാണ് പഠനം നടത്തിയത്. ഗവേഷണഫലം നേച്ചർ കമ്മ്യൂണിക്കേഷൻസ് ജേണലിൽ പ്രസിദ്ധീകരിച്ചു.

ശരാശരി 42 വയസ്സ് പ്രായമുള്ള 1,03,389 പേരിൽ ഏഴ് വർഷത്തോളമാണ് പഠനം നടത്തിയത്. പഠനസമയത്ത് ഇതിൽ 2036 പേർക്ക് ഹൃദ്രോഗം ബാധിക്കപ്പെട്ടു.

പ്രഭാതഭക്ഷണത്തിന്റെയും അത്താഴത്തിന്റെയും സമയം വൈകിക്കുന്നത് വർദ്ധിച്ച ഹൃദ്രോഗസാധ്യതയുമായി ബന്ധപ്പെട്ടിരിക്കുന്നതായി ഗവേഷകർ നിരീക്ഷിച്ചു.

രാവിലെ ഭക്ഷണം കഴിക്കാൻ വൈകുന്ന ഓരോ മണിക്കൂറും ഹൃദ്രോഗ സാധ്യത ആറ് ശതമാനം വച്ച് വർദ്ധിച്ചു കൊണ്ടിരിക്കും. രാത്രിയിലെ ഭക്ഷണം ഒൻപത് മണിക്ക് ശേഷം കഴിക്കുന്നവരിൽ എട്ട് മണിക്ക് മുൻപ് ഭക്ഷണം കഴിക്കുന്നവരെ അപേക്ഷിച്ച് ഹൃദ്രോഗ സാധ്യത 28 ശതമാനം അധികമാണെന്നും ഗവേഷകർ കണ്ടെത്തി. നേരത്തെ ഭക്ഷണം കഴിച്ച് രാത്രി മുഴുവനുള്ള ഉപവാസത്തിന്റെ നേരം ഓരോ മണിക്കൂർ വർദ്ധിക്കുന്നതും ഹൃദ്രോഗ സാധ്യത ഏഴ് ശതമാനം വച്ച് കുറയ്ക്കുന്നതായും പഠനറിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു.

കലോറി കത്തിക്കാനും വിശപ്പ് നിയന്ത്രിക്കാനുമുള്ള ശരീരത്തിന്റെ ശേഷി ശരീരത്തിലെ സ്വാഭാവിക ക്ലോക്കായ സിർകാഡിയൻ റിഥവുമായി ബന്ധപ്പെട്ടിരിക്കുന്നതായി ആരോഗ്യ വിദഗ്ധർ പറയുന്നു. ഭക്ഷണം കഴിക്കുന്ന നേരങ്ങൾ ഈ റിഥവുമായി യോജിക്കാത്ത പക്ഷം കൊഴുപ്പിനെ ശേഖരിക്കുന്ന ഹോർമോണുകളുടെ തോത് ഉയരുകയും ഇത് വഴി ഭാരവർധനയുണ്ടാകുകയും ചെയ്യും.

അതേ സമയം ഭക്ഷണത്തിന്റെ സമയക്രമത്തിനൊപ്പവും നിലവാരവും മെച്ചപ്പെടുത്തേണ്ടതുണ്ടെന്നും പഠനറിപ്പോർട്ട് ഓർമ്മിപ്പിക്കുന്നു.

# സിഒപിഡി: മുൻകരുതലുകൾ പ്രധാനം

ശ്വാസകോശത്തെ ബാധിക്കുന്ന ഒരു രോഗമാണ് സി.ഒ.പി.ഡി. അഥവാ ക്രോണിക് ഒബ്സ്ട്രക്ടീവ് പൾമണറി ഡിസീസ്. വിട്ടുമാറാത്തതും കാലക്രമേണ വർധിക്കുന്നതുമായ ശ്വാസംമുട്ടൽ, കഫകെട്ട്, ചുമ എന്നിവയാണ് ഈ രോഗത്തിൻറെ പ്രധാന ലക്ഷണങ്ങൾ.

**പ്രതിരോധ കുത്തിവയ്പ്പെടുക്കുക**

സിഒപിഡി രോഗികളിൽ കോവിഡും മറ്റു ശ്വാസകോശ അണുബാധ മൂലമുള്ള രോഗങ്ങളും തടയുന്നതിനു പ്രതിരോധ കുത്തിവയ്പുകൾ സഹായിക്കുന്നു. സിഒപിഡി രൂക്ഷമാകുന്നത് ഒഴിവാക്കാനും വാക്സിനുകൾ ഗുണപ്രദം.

**ശ്വസന വ്യായാമം**

രോഗലക്ഷണങ്ങൾ കുറയ്ക്കുന്നതിനും ജീവിത ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും ശ്വസന വ്യായാമ മുറകളും വീട്ടിൽ തന്നെയുള്ള നടത്തവും മറ്റു ലഘു വ്യായാമങ്ങളും ഉപകാരപ്രദം.

പുകയും വിഷവാതകങ്ങളുമായുള്ള സമ്പർക്കം ഒഴിവാക്കുക

പുകവലി ഒഴിവാക്കുക. മുറികളിൽ വായുസഞ്ചാരം ഒഴിവാക്കുക. വായുമലിനീകരണം ഉണ്ടാകാത്ത രീതിയിലുള്ള പാചകരീതി അവലംബിക്കുക.

കോവിഡ് സാധ്യത കുറയ്ക്കുക



മാസ്ക് ധരിക്കുക. സാമൂഹിക അകലം പാലിക്കുക. കൈകൾ ശുചിയാക്കുക. എന്നിവയ്ക്കൊപ്പം സിഒപിഡി രോഗികൾ വാക്സിൻ കൂടി സ്വീകരിക്കേണ്ടതാണ്.

**മുൻകരുതലുകൾ**

1.സിഒപിഡി രോഗികളിൽ കോവിഡ് മാരകമായേക്കാം. രോഗം പിടിപെടാതിരിക്കാനുള്ള എല്ലാ മുൻകരുതലുകളുമെടുക്കുക.

2. പുകവലി പൂർണമായും ഉപേക്ഷിക്കുക.

3. ധാരാളം വെള്ളം കുടിക്കുക.

4. നന്നായി വിശ്രമിക്കുക.

5. വളർത്തുമൃഗങ്ങളുമായി അടുത്തിടപഴകാതിരിക്കുക.

6. ചുരുങ്ങിയത് ഒരു മാസത്തേക്കുള്ള മരുന്നുകൾ കയ്യിൽ കരുതുക.

7. ഇത്തരം രോഗികൾ വീട്ടിലുണ്ടെങ്കിൽ പുറത്തുപോയി വരുന്നവർ പ്രത്യേക ശ്രദ്ധ പുലർത്തണം.

സിഒപിഡി രോഗികളുടെ ശ്രദ്ധയ്ക്ക്

1. പൊടി, പുക എന്നിവ ഏൽക്കാതെ ശ്രദ്ധിക്കുക.

2. ശ്വസന വ്യായാമങ്ങൾ ശീലിക്കുക.

3. അണുബാധയുണ്ടാകുന്നതിനുള്ള സാഹചര്യങ്ങൾ ഒഴിവാക്കുക.

4. ഇടവിട്ടുള്ള ലഘുഭക്ഷണങ്ങളായി ആഹാരം ക്രമീകരിക്കുക.

5. അലർജിയുണ്ടാക്കുന്ന വസ്തുക്കൾ ഒഴിവാക്കുക

**ശ്വാസ് ക്ലിനിക്കുകൾ**

കേരളത്തിൽ ഏകദേശം 5 ലക്ഷത്തിൽ പരം സി.ഒ.പി.ഡി. രോഗികളുണ്ടെന്നാണ് കണക്ക്. സി.ഒ.പി.ഡി. പ്രതിരോധത്തിനും നിയന്ത്രണത്തിനും ചികിത്സയ്ക്കുമായി ശ്വാസ് എന്ന പേരിൽ ഒരു നൂതന സംരംഭം ആരംഭിച്ചിട്ടുണ്ട്.

ഇത്തരത്തിൽ സിഒപിഡിയ്ക്കു വേണ്ടി ഒരു പൊതുജനാരോഗ്യ പദ്ധതി ഇന്ത്യയിൽ ആദ്യമായി കേരളത്തിലാണ് ആരംഭിച്ചത്. ഈ പദ്ധതിയിലൂടെ പ്രാഥമികാരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള ആശുപത്രികളിൽ സജ്ജമാക്കിയ ശ്വാസ് ക്ലിനിക്കുകളിലൂടെ സിഒപിഡി. രോഗികൾക്ക് കൃത്യമായ ചികിത്സ ഉറപ്പു വരുത്തുന്നു.




# ശുദ്ധജല വിതരണത്തിനായി പത്തനംതിട്ടജില്ലയിൽ 2947 കോടി അനുവദിച്ചു: മന്ത്രി റോഷി അഗസ്റ്റിൻ

**പത്തനംതിട്ട:** ശുദ്ധജല വിതരണത്തിനായി ജില്ലയിൽ 2947 കോടി രൂപ അനുവദിക്കപ്പെട്ടതായി ജലവിഭവ മന്ത്രി റോഷി അഗസ്റ്റിൻ പറഞ്ഞു. തിരുവല്ല എസ് സി എസ് സ്കൂൾ ഗ്രൗണ്ടിൽ നടന്ന തിരുവല്ല മണ്ഡലം നവകേരള സദസിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

എല്ലാ കുടുംബങ്ങൾക്കും പൈപ്പിൽ ശുദ്ധജലം എത്തിക്കുകയെന്ന സർക്കാർ ലക്ഷ്യത്തിനായി ജലജീവൻ മിഷൻ പദ്ധതി വളരെ ഗൗരവത്തോടെയാണു നടപ്പിലാക്കാൻ തീരുമാനിച്ചത്. 60 വർഷം കൊണ്ട് 17 ലക്ഷം കുടുംബങ്ങൾക്ക് ശുദ്ധജലം ലഭിച്ചിടത്തു നിന്ന് കഴിഞ്ഞ രണ്ടു വർഷം കൊണ്ട് 36 ലക്ഷം ആയി ഉയർത്താൻ സാധിച്ചു. ഇനി വരാൻ പോകുന്ന രണ്ട് വർഷം കൊണ്ട് അത് വീണ്ടും ഉയർത്തും. തിരുവല്ല മണ്ഡലത്തിൽ ജലജീവൻ മിഷനുവേണ്ടി 304 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. 154 കോടി കിഫ്ബിയിലൂടെയും 48 കോടി അമൃത് സ്കീമിലൂടെയും 140 കോടി നബാർഡ് സ്കീമിലൂടെയുമുള്ള പ്രവർത്തനങ്ങൾ ജലസേചനം, കുടിവെള്ളം, ജലവിതരണം എന്നിവയിൽ ജില്ലയിൽ നടക്കുന്നു. ഇതിന്റെ ഭാഗമായി ജലസേചന പദ്ധതികളും നദി സംരക്ഷണ പരിപാടികളും നടന്നുവരുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ആരോഗ്യരംഗത്ത് സർക്കാർ ആശുപത്രികളിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ സാധ്യമാക്കി. പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റി. കോവിഡ് വ്യാപിച്ച സമയത്ത് ആരോഗ്യരംഗത്തെ നെറ്റ് വർക്ക് സംവിധാനങ്ങൾ പ്രയോജനപ്പെടുത്താനായി. സർക്കാർ ജനങ്ങൾക്കൊപ്പമുണ്ടെന്ന് പറഞ്ഞ് എല്ലാ വിഭാഗം ജനങ്ങൾക്കും ഭക്ഷ്യകിറ്റ് നൽകി.

വ്യവസായ സംരംഭ സംസ്കാരത്തിലൂടെ വ്യവസായരംഗത്തും മാറ്റം സൃഷ്ടിക്കാനായി. കേന്ദ്രത്തിൽ നിന്ന് ഏറ്റെടുത്ത പൊതു മേഖല സ്ഥാപനത്തെ ലാഭത്തിലാക്കി. വ്യവസായ സംരംഭകത്വ മിഷൻ സ്ഥാപിച്ചു. ഒരു ലക്ഷം സംരംഭങ്ങൾ ലക്ഷ്യം വച്ചയിടത്ത് ഒന്നേ മുക്കാൽ ലക്ഷം സംരംഭം ആരംഭിച്ചു. പതിനൊന്നായിരം കോടി രൂപയുടെ നിക്ഷേപം ഉണ്ടായി. നാല് ലക്ഷം തൊഴിൽ അവസരങ്ങൾ ഉണ്ടായതിലൂടെ കേരളം വ്യവസായ സൗഹൃദ സംസ്ഥാനമായി. നാടിന്റെ പുരോഗതി ലക്ഷ്യം വച്ചാണ് സർക്കാർ പ്രവർത്തിക്കുന്നത്. എല്ലാ വിഭാഗം ജനങ്ങളുടെയും സർക്കാരണെന്ന ബോധ്യം ഈ സർക്കാരിനുണ്ടെന്നും അദ്ദേഹം പറഞ്ഞു.

നമ്മുടെ പുരോഗതിയിലെ ഏറ്റവും കാതലായ മാറ്റം പൊതു വിദ്യഭ്യാസ രംഗത്ത് ഉണ്ടായ മാറ്റമാണ്. വിദ്യാർഥികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭിക്കുന്നതിനുള്ള നിലപാടുകൾ ആണ് സർക്കാർ എടുത്തിരിക്കുന്നത്. സ്കൂളുകളിലെ അടിസ്ഥാന സാഹചര്യങ്ങൾ വികസിപ്പിച്ചു അക്കാദമിക് നിലവാരം മെച്ചപ്പെടുത്തി. ക്ലാസ് മുറികളിൽ ഡിജിറ്റൽ സൗകര്യം, കുട്ടികൾക്ക് പഠിക്കാനുള്ള അവസര സ്വാതന്ത്ര്യത്തെ പ്രയോജനപ്പെടുത്താനുള്ള സാഹചര്യം ഒരുക്കി.

ഉന്നത വിദ്യഭ്യാസ പുരോഗതിക്കും ഊന്നൽ നൽകി. സർവകലാശാലകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റി. അതിനായി ബജറ്റ് ഊന്നൽ നൽകി. ഓരോ പ്രദേശത്തെയും സാധ്യതകൾ മനസിലാക്കി ടൂറിസം രംഗത്തും മാറ്റമുണ്ടായി.

നാടിന്റെ പുരോഗതി ലക്ഷ്യം വെച്ചുകൊണ്ടു ഫയൽ തീർപ്പാക്കലിലൂടെയും താലൂക്ക് തല അദാലത്തുകളിലൂടെയും ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തി. റീജണൽ റിവ്യൂ മീറ്റിങ്ങുകളും നടത്തി. തുടർന്ന് നവകേരള സദസ് എന്ന ആശയം വരുന്നത്. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ എല്ലാ നിയമസഭ മണ്ഡലങ്ങളിലൂടെയും കടന്ന് പോകുന്ന സദസിലെ ജനങ്ങളുമായി സംവദിക്കാനും നിവേദനങ്ങൾ ഉൾക്കൊള്ളുവാനും കഴിയുന്ന ഒരു സംവിധാനം ഒരുക്കുന്നത് ജനാധിപത്യത്തിലെ ഒരു തുറന്ന സമീപനമായാണ് ജനങ്ങൾ കാണുന്നതെന്നും അദ്ദേഹം പറഞ്ഞു.

# കോട്ടയത്ത് പുഷ്പമേള 21 മുതൽ 31 വരെ

**കോട്ടയം:** കേരള അഡ്വർടൈസിങ് ഏജൻസീസ് അസോസിയേഷൻ (കെ3എ) കോട്ടയം സോണിന്റെ നേതൃത്വത്തിൽ 21 മുതൽ 31 വരെ കോട്ടയം നാഗമ്പടം മൈതാനത്തു പുഷ്പമേള നടത്തും. ഇന്ത്യയിലും വിദേശത്തും നിന്നുള്ള അപൂർവയിനം ചെടികളും പൂക്കളും ഫലവൃക്ഷങ്ങളും കാണാനും വാങ്ങാനും അവസരമുണ്ട്. നാളെ 3നു കലക്ടർ വി.വിഘ്നേശ്വരി ഉദ്ഘാടനം ചെയ്യും. കെ3എ കോട്ടയം സോൺ പ്രസിഡന്റ് ഷിബു കെ.ഏബ്രഹാം അധ്യക്ഷത വഹിക്കും.

22നു രാവിലെ 11നു തൽസമയ ചിത്രാവിഷ്കാരം. 23നു വൈകിട്ട് 5നു കിഡ്സ് ഫാഷൻ ഷോ. 31നു 3നു സമാപന സമ്മേളനം മന്ത്രി വി.എൻ.വാസവൻ ഉദ്ഘാടനം ചെയ്യും. 90 രൂപയാണു ടിക്കറ്റ് നിരക്ക്. ദിവസവും രാവിലെ 11 മുതൽ രാത്രി 8 വരെയാണു പ്രവേശനം. ഈർക്കിലിയിൽ നിർമിച്ച ഭീമാകാരമായ രൂപങ്ങൾ, വേര് ശിൽപങ്ങൾ, പച്ചക്കറികൾ കൊണ്ടുള്ള വലിയ രൂപങ്ങൾ എന്നിവ പ്രദർശനത്തിലുണ്ട്.

80ൽ അധികം വ്യാപാര സ്റ്റാളുകൾ, ഫുഡ് കോർട്ട് തുടങ്ങിയവയുമുണ്ട്.26 മുതൽ 28 വരെ രാവിലെ 10 മുതൽ കുട്ടികൾക്കായി ചിത്രരചനാ മത്സരവും 28നു വൈകിട്ട് 5നു കാരൾ ഗാനമത്സരവും ഉണ്ടാകും.



# പുതുവൈപ്പ് ബീച്ച് ടൂറിസം മേള 22 നു കൊടിയേറും

**എളങ്കുന്നപ്പുഴ:** ന്മപുതുവൈപ്പ് ബീച്ച് ടൂറിസം മേള 22 നു ആരംഭിക്കും. പുതുവർഷപ്പുലരിവരെ രാത്രി 8ന് കലാപരിപാടികൾ അരങ്ങേറും. അമ്യൂസ്മെന്റ് പാർക്ക്,ഫുഡ് ഫെസ്റ്റിവൽ എന്നിവ എല്ലാ ദിവസവും നടക്കും. 22ന് കെ.എൻ.ഉണ്ണിക്കൃഷ്ണൻ എംഎൽഎ ഉദ്ഘാടനം ചെയ്യും. അമ്യൂസ്മെന്റ് പാർക്ക് ഉദ്ഘാടനം എളങ്കുന്നപ്പുഴ പഞ്ചായത്ത് പ്രസിഡന്റ് രസികല പ്രിയരാജ് നിർവഹിക്കും. മേള ചെയർമാൻ ടൈറ്റസ് പറപ്പിള്ളി പതാക ഉയർത്തും. രാത്രിയിൽ എളങ്കുന്നപ്പുഴ ചിലമ്പിന്റെ കൈകൊട്ടിക്കളി,നാരമ്പലം ഡ്രീംസ് കലാമന്ദിറിന്റെ കരോക്കെ ഗാനമേള.

23ന് മാലിപ്പുറം നവദർശിനി,പുതുവൈപ്പ് വിഘ്നേശ്വര,ചിലമ്പ്,കൊച്ചി നാദംഓർക്കസ്ട്ര എന്നിവയുടെ കൈകൊട്ടിക്കളി,24ന് വടക്കൻപറവൂർ പാട്ടുകളരിയുടെ നാട്ടറിവ് നാടൻപാട്ട്,25ന് അസ്ത്ര കലാസാഹിതിയുടെ ഫ്യൂഷൻ,26ന് 8മുതൽ ബീച്ച് ബൈക്ക് റേസ്,രാത്രിയിൽ ലാസർഡ്രോട്ടിന്റെ ഡിജെഷോ,27ന് സോൾ ഓഫ് മ്യൂസിക്കിന്റെ കരോക്കെ ഗാനമേള.

28ന് കലാഭവൻമണിയുടെ നാടൻപാട്ടുകളുമായി ചാപ്പകടപ്പുറം ചിലങ്കയുടെ നാടൻകൈകൊട്ടിക്കളി,29ന് കാദംബരി സ്റ്റാർ സിങേഴ്സിന്റെ കലാസന്ധ്യയിൽ മിമിക്രിയും ഡാൻസും,30ന് മുളവുകാട് പൊലീസിന്റെ കരോക്കെ ഗാനമേള,31ന് വള്ളുവനാട് കൃഷ്ണ നിലയത്തിന്റെ നാടൻപാട്ടും ദൃശ്യവിഷ്ക്കാരവും കരിങ്കാളി,ജനുവരി ഒന്നിന് സാംസ്കാരികസമ്മേളനം ഹൈബി ഈഡൻ എംപി ഉദ്ഘാടനം ചെയ്യും. തുടർന്നു ഒറിജിനൽ ഓർക്കസ്ട്രയുടെ ഗാനമേള.



# 50 ഏക്കർ നെൽക്കൃഷി വെള്ളം കയറി നശിച്ചു; കർഷകർക്ക് ലക്ഷങ്ങളുടെ നഷ്ടം

**ചെങ്ങന്നൂർ:** ചെറിയനാട് പഞ്ചായത്തിൽ പെരുമ്പ കിഴക്ക് പാടശേഖരത്തിൽ 50 ഏക്കറിലെ നെൽക്കൃഷി വെള്ളം കയറി നശിച്ചു. ആറു മുതൽ 12 ദിവസം മുൻപു മാത്രം വിതച്ച കൃഷി പൂർണമായും മുങ്ങിയതോടെ ലക്ഷങ്ങളുടെ നഷ്ടമാണ് കർഷകർക്കുണ്ടായത്. പാടശേഖരത്തിനു സമീപത്തു കൂടിയൊഴുകുന്ന പെരുമ്പ കായലോടികരിപ്പുറം തോട് നിറഞ്ഞൊഴുകി പാടത്ത് വെള്ളം കയറുകയായിരുന്നു. കഴിഞ്ഞ ദിവസത്തെ മഴയിൽ വെൺമണി ഭാഗത്തു നിന്നു വെള്ളം ഉത്തരപ്പള്ളിയാറിലൂടെ പെരുമ്പ തോട്ടിലേക്ക് എത്തിയതാണു വിനയായത്. പലയിടത്തും ഒഴുക്ക് നിലച്ച ഉത്തരപ്പള്ളിയാറ്റിലെ വെള്ളം തോട്ടിലൂടെ ഒഴുകി അച്ചൻകോവിലാറ്റിൽ ചേരുന്നതാണ്.

കണ്ണംപള്ളി പാടശേഖരം ! നികത്തിയതോടെ ആലാ ഭാഗത്ത് പലയിടത്തും ഒഴുക്ക് തടസ്സപ്പെടുകയായിരുന്നെന്നു കർഷകർ പറയുന്നു. ഇതു മൂലം വെൺമണി ഭാഗത്തു നിന്നു വെള്ളം നിലവിലുള്ള ഉത്തരപ്പള്ളിയാറ്റിലൂടെ പെരുമ്പ തോട്ടിലേക്ക് മാത്രമാണ് ഒഴുകുന്നത്. ഇത്രയും ജലം കടത്തിവിടാനുള്ള ശേഷി തോടിനില്ല. വെള്ളം പമ്പ് ചെയ്തു കളയാൻ ശേഷി കൂടിയ പമ്പ് സെറ്റ് ഇല്ലാത്തതും കൃഷി നശിക്കാൻ കാരണമായി. തോടിന് ആഴം കൂട്ടിയിട്ടു വർഷങ്ങളായി. 150 ഏക്കർ വരുന്ന പെരുമ്പ കിഴക്ക് പാടശേഖരത്തിൽ 50 ഏക്കറിൽ മാത്രമേ നിലവിൽ കൃഷിയുള്ളൂ. തോടിന് ആഴം കൂട്ടുകയും ശേഷി കൂടിയ പമ്പ്സെറ്റ് ലഭ്യമാക്കുകയും ചെയ്താൽ 150 ഏക്കറിലും കൃഷി തുടങ്ങാൻ കഴിയുമെന്നും കർഷകർ പറയുന്നു.

# റബർ വിലസ്ഥിരതാ പദ്ധതി: വെബ്സൈറ്റ് പൂട്ടി

**കോട്ടയം:** ആർഎസ്എസ് 4 റബർ ഷീറ്റ് കിലോയ്ക്ക് 170 രൂപ ഉറപ്പാക്കുന്ന സംസ്ഥാന സർക്കാർ സബ്സിഡി സ്കീമിന് പൂട്ടുവീണു. മഴയ്ക്ക് അൽപം ശമനംവന്ന് ഉത്പാദനത്തിൻറെ പ്രധാന സീസൺ എത്തിയ വേളയിലാണ് ബില്ലുകൾ അപ്ലോഡ് ചെയ്യാനുള്ള വെബ്സൈറ്റ് പ്രവർത്തനരഹിതമായത്.

വരുംമാസങ്ങളിൽ വ്യാപാരികൾ നൽകുന്ന വിലയ്ക്ക് റബർ വിൽക്കാൻ കർഷകർ നിർബന്ധിതരാകും. കർഷകർ റബർ കൃഷി നിർത്തുന്ന സാഹചര്യത്തിന് ഇടയാക്കുന്ന സർക്കാർ തീരുമാനത്തിനെതിരേ പ്രതികരിക്കാൻ കർഷക പാർട്ടികളും തയാറാകുന്നില്ല.

2015ൽ വിലസ്ഥിരതാ പദ്ധതിയുടെ തുടക്കത്തിൽ വർഷം മുഴുവനും നിർദിഷ്ട വെബ്സൈറ്റ് പ്രവർത്തനക്ഷമമാക്കി ആർപിഎസുകളിലൂടെ ബില്ലുകൾ അപ്ലോഡ് ചെയ്യാൻ സൗകര്യമൊരുക്കിയിരുന്നു. ഓരോ വർഷവും പുതിയ അപേക്ഷകർക്ക് പദ്ധതിയിൽ ചേരാൻ അവസരവുമുണ്ടായിരുന്നു. ഇക്കൊല്ലം പദ്ധതി ആനുകൂല്യം പരമാവധി പേർക്ക് ലഭ്യമാകാതിരിക്കാനും അപേക്ഷകരുടെ എണ്ണം കുറയ്ക്കാനുമായി ഒക്ടോബറിൽ മാത്രമാണ് വെബ്സൈറ്റ് തുറക്കാൻ സർക്കാർ നിർദേശം നൽകിയത്. ഏറെ ദിവസങ്ങളിലും ഈ സൈറ്റ് പണിമുടക്കിലുമായിരുന്നു.

ബില്ലുകൾ റബർ ബോർഡ് ഓഫീസർമാർ പരിശോധിച്ച് വേണം അംഗീകാരം നൽകാൻ. കോട്ടയം ജില്ലയിൽ ആറ് ഓഫീസർമാർ മാത്രമേ നിലവിലുള്ളൂ. അപേക്ഷകരുടെ ബാഹുല്യംമൂലം അപ്ലോഡ് ചെയ്ത ബില്ലുകളുടെ പരിശോധന പൂർത്തിയാക്കാൻ ഉദ്യോഗസ്ഥർക്ക് സാധിച്ചിരുന്നില്ല.

വിവിധ ആർപിഎസുകളിലായി ഒരു ലക്ഷത്തോളം അപേക്ഷകരുടെ ബില്ലുകൾ അപ്ലോഡ് ചെയ്യാൻ ബാക്കിയുണ്ടായിരിക്കെയാണ് സർക്കാർ പണം കൊടുക്കാത്തതിൻറെ പേരിൽ വെബ്സൈറ്റ് പൂട്ടാനിടയായത്.

സാങ്കേതിക കാരണങ്ങളാൽ വെബ്സൈറ്റ് പ്രവർത്തനം നിർത്തുന്നതായി ഈ മാസം ആറിനാണ് ആർപിഎസുകളിൽ അറിയിപ്പ് ലഭിച്ചത്. കേന്ദ്രസർക്കാർ നിയന്ത്രിതമായ നാഷണൽ ഇൻഫോമാറ്റിക്സ് സെൻററി (എൻഐസി)നാണ് ഈ സൈറ്റിൻറെ നിയന്ത്രണം.

സംസ്ഥാന സർക്കാർ ഈ സൈറ്റിനു നൽകേണ്ട സർവീസ് ചാർജിൽ കോടികളുടെ കുടിശികയുള്ളതിനാലാണ് എൻഐസി സൈറ്റ് പ്രവർത്തരഹിതമാക്കിയത്. എൻഐസിയും സംസ്ഥാന സർക്കാരും തമ്മിലുണ്ടായിരുന്ന കരാർ നവംബറിൽ അവസാനിച്ചു. സേവനം തുടരണമെങ്കിൽ കുടിശിക നൽകണമെന്ന് വ്യക്തമാക്കി എൻഐസി സംസ്ഥാന സർക്കാരിന് കത്ത് നൽകിയെങ്കിലും മറുപടിയുണ്ടാകാത്ത സാഹചര്യത്തിലാണ് അവർ പിൻവാങ്ങിയത്.

നടപ്പുസാമ്പത്തിക വർഷം 135 രൂപയായിരുന്നു ആർഎസ്എസ് നാല് ഗ്രേഡ് റബറിന് വില. കിലോയ്ക്ക് 170 രൂപ ഉറപ്പാക്കുംവിധം സബ്സിഡി ലഭിക്കുന്ന പദ്ധതി ചെറുകിട കർഷകർക്ക് ആശ്വാസമായിരുന്നു. നാലു ലക്ഷത്തിലേറെ കർഷകർ പദ്ധതിയിൽ അംഗങ്ങളുമാണ്. ഡിസംബർ മുതൽ ഫെബ്രുവരി വരെയാണ് റബറിന് ഏറ്റവും ഉത്പാദനം ലഭിക്കുക.

170 രൂപ ഉറപ്പാക്കാത്ത സാഹചര്യത്തിൽ ഏറെ കർഷകരും ടാപ്പിംഗിൽനിന്നു പിൻമാറുന്ന സാഹചര്യമാണ്. സബ്സിഡി കുടിശിക എട്ടു മാസം വരെ ബാക്കി നിൽക്കെയാണ് സർക്കാരിൻറെ അനാസ്ഥയിൽ പദ്ധതി മരവിപ്പിച്ചത്.

അന്താരാഷ്ട്രതലത്തിലും രാജ്യത്തിനുള്ളിൽ റബർ ഡിമാൻഡ് വർധിക്കുകയും ഉത്പാദനം കുറയുകയും ചെയ്തിട്ടും റബർ ബോർഡിൻറെ പ്രഖ്യാപിത വില കാര്യമായി ഉരുന്നില്ല. നിലവിൽ കുറഞ്ഞത് 180 രൂപയായി വില ഉയരാൻ സാഹചര്യമുണ്ടെന്നാണ് കർഷകർ പറയുന്നത്.



# കേന്ദ്രാവിഷ്കൃത വിള ഇൻഷ്വറൻസ്: 31 വരെ അപേക്ഷിക്കാം

**കോട്ടയം:** വിളനാശമുണ്ടായാൽ കർഷകനു സഹായമാകുന്ന കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിലേക്കുള്ള അപേക്ഷ 31 വരെ നൽകാം. കർഷകർക്ക് നേരിട്ടും അക്ഷയ, സിഎസ്സികൾ വഴിയും ഓൺലൈനായി രജിസ്റ്റർ ചെയ്യാം. അപേക്ഷ പൂരിപ്പിച്ച ശേഷം നിശ്ചിത പ്രീമിയം തുക, ആധാറിൻറെ പകർപ്പ്, നികുതി രസീതിൻറെ പകർപ്പ്, ബാങ്ക് പാസ്ബുക്കിൻറെ പകർപ്പ്, പാട്ടത്തിനു കൃഷി ചെയ്യുന്നവരാണെങ്കിൽ പാട്ടക്കരാറിൻറെ പകർപ്പ് എന്നിവകൂടി നൽകണം. ഓരോ വിളയുടെയും പ്രീമിയം തുകയും ഇൻഷ്വറൻസ് തുകയും വ്യത്യസ്തമാണ്.

കാലാവസ്ഥാധിഷ്ഠിത പദ്ധതിയിൽ നെല്ല്, വാഴ, കവുങ്ങ്, കുരുമുളക്, മഞ്ഞൾ, ജാതി, കൊക്കോ, വെറ്റില, ഏലം, ഗ്രാമ്പൂ, തെങ്ങ്, ഇഞ്ചി, മാവ്, പൈനാപ്പിൾ, കശുമാവ്, റബർ, എള്ള്, മരച്ചീനി, തേയില, കിഴങ്ങുവർഗങ്ങൾ (ചേമ്പ്, ചേന, കാച്ചിൽ, നന കിഴങ്ങ്, മധുരക്കിഴങ്ങ്), പയർവർഗങ്ങൾ (ഉഴുന്ന്, പയർ, ചെറുപയർ, ഗ്രീൻപീസ്, സോയാബീൻ) പച്ചക്കറിവിളകൾ (പടവലം, പാവൽ, വള്ളിപ്പയർ, കുമ്പളം, മത്തൻ, വെള്ളരി, വെണ്ട, പച്ചമുളക്) എന്നീ വിളകൾക്കും പരിരക്ഷ ലഭിക്കും.

കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസിൽ വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ, ശക്തമായ കാറ്റ്, ഇടിമിന്നൽ മൂലമുണ്ടാകുന്ന തീപിടിത്തം, മേഘവിസ്ഫോടനം എന്നിവ കൊണ്ടുണ്ടാകുന്ന വിള നഷ്ടങ്ങൾക്ക് വ്യക്തിഗത ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാണ്. വിളയുടെ പ്രായത്തെ അടിസ്ഥാനമാക്കി ജോയിൻറ് കമ്മിറ്റിയുടെ പരിശോധനാ റിപ്പോർട്ട് പ്രകാരം നഷ്ടപരിഹാരം നിർണയിക്കുന്നു.

നഷ്ടം ഉണ്ടായി 72 മണിക്കൂറിനകം കർഷകർ കൃഷിഭവൻ അല്ലെങ്കിൽ ഇൻഷ്വറൻസ് കമ്പനിയെ നേരിട്ടോ രേഖാമൂലമോ അറിയിക്കണം (ഠീഹഹ എൃലല ചീ : 18004257064). കാലാവസ്ഥയുടെ ഡാറ്റ അടിസ്ഥാനമാക്കിയുള്ള നഷ്ടപരിഹാരവും കർഷകർക്ക് ലഭ്യമാണ്. ഇതിനായി ഓരോ വിജ്ഞാപിത പ്രദേശത്തിനും നിശ്ചിത സൂചനാ കാലാവസ്ഥനിലയം സർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ട്.

പഞ്ചായത്ത് അടിസ്ഥാനത്തിൽ സ്ഥാപിച്ചിരിക്കുന്ന കാലാവസ്ഥാ നിലയങ്ങളിലെ തോത് അനുസരിച്ചു അധിവർഷം, രോഗാതുരമായ കാലാവസ്ഥ, മഴക്കുറവ് എന്നിവമൂലമുള്ള കൃഷിനാശത്തിനും കൃഷി പൂർണമായും നശിക്കാതെ വിളവിലുണ്ടാകുന്ന കുറവിനും നഷ്ടപരിഹാരം ലഭിക്കുമെന്നതും കർഷകർക്ക് സഹായകമാകും. 9645162338, 9061675557.

# നെല്ലിൽ കുഴൽപ്പുഴു; ആശങ്കയിൽ കർഷകർ



**മുല്ലശേരി:** കോൾപ്പടവിൽ നെല്ലിൽ കുഴൽപ്പുഴു വ്യാപകം. മതുക്കര വടക്കെ കോൾപ്പടവിലാണ് ഇത് കൂടുതൽ കണ്ടു വരുന്നത്. നെല്ല് കുമ്പെടുത്ത് വരുന്ന സമയത്താണ് കീടാക്രമണം കണ്ടെത്തിയത്. കതിര് വിടരാതെ ട്യൂബ് പോലെയാകുന്നതാണ് ലക്ഷണം. ഇത് ബാധിച്ചാൽ കതിര് വിടരാതെ നശിക്കുകയും വിളവ് കുറയുകയും ചെയ്യുമെന്നതാണ് ആശങ്കയെന്ന് പടവിലെ കർഷകനായ സദാശിവൻ മതുക്കര പറഞ്ഞു.

230 ഏക്കർ വരുന്ന വടക്കെപ്പുറം കോൾപ്പടവിൽ 60 65 ദിവസം പ്രായമായ ഉമ നെൽച്ചെടിയിലാണ് ഇത് കണ്ടെത്തിയത്. മൂടിക്കെട്ടിയ കാലാവസ്ഥയും തണുപ്പുമാണ് ഈ കീടാക്രമണത്തിന് കാരണമെന്ന് കൃഷി വിദഗ്ധർ പറഞ്ഞു. കൃഷി വകുപ്പ് ഉദ്യോഗസ്ഥർ അടിയന്തരമായി ഈ മേഖല സന്ദർശിച്ച് നടപടി സ്വീകരിക്കണമെന്നു കർഷകർ ആവശ്യപ്പെട്ടു.

# മലങ്കരയിൽ ജലനിരപ്പ് താഴുന്നു; ജലവിതരണം സ്തംഭനത്തിലേക്ക്



**തൊടുപുഴ:** മലങ്കര ജലാശയത്തിലെ ജലനിരപ്പ് താഴ്ന്നതിനാൽ വിവിധ തദ്ദേശ സ്ഥാപനങ്ങളിലെ നൂറോളം കുടിവെള്ള പദ്ധതികളുടെ പ്രവർത്തനവും ജ@ദലവിതരണവും പൂർണമായും സ്തംഭനത്തിലേക്ക്. വേനൽ കടുത്തതോടെ സ്വാഭാവിക നീരൊഴുക്ക് കുറഞ്ഞതും മൂലമറ്റം പവർ ഹൗസിൽനിന്നുള്ള വൈദ്യുതി ഉത്പാദനം ഗണ്യമായി കുറഞ്ഞതുമാണ് അണക്കെട്ടിൽ ജലനിരപ്പ് ഗണ്യമായി താഴാൻ പ്രധാന കാരണം. ഇതേത്തുടർന്നാണ് അണക്കെട്ടിനോടനുബന്ധിച്ചു സ്ഥാപിച്ചിരിക്കുന്ന ചെറുതും വലുതുമായ നൂറിൽപരം കുടിവെള്ള പദ്ധതികളാണ് വറ്റിവരളുന്ന @അവസ്ഥയിലേക്ക് നീങ്ങുന്നത്.

പവർഹൗസിൽനിന്നു പുറന്തള്ളുന്ന വെള്ളത്തിൻറെ അളവു കുറഞ്ഞതോടെ തൊടുപുഴയാറ്റിലും നീരൊഴുക്കു കുറഞ്ഞ് ജലനിരപ്പ് താഴ്ന്നു തുടങ്ങി.ഒന്നര മാസത്തോളമായി അണക്കെട്ടിലെ ജലനിരപ്പ് 38.40 മീറ്ററായി താഴ്ത്തിയ നിലയിലാണ്. വേനൽ രൂക്ഷമാകുകയും മൂലമറ്റം പവർ ഹൗസിൽ ഉത്പാദനം ഉയർത്തുകയും ചെയ്തില്ലെങ്കിൽ മലങ്കര അണക്കെട്ടിനെ ആശ്രയിച്ചുള്ള കുടിവെള്ള പദ്ധതികൾ പൂർണമായും സ്തംഭിച്ച് ജനങ്ങൾ കടുത്ത ദുരിതത്തിലേക്കു നീങ്ങുന്ന അവസ്ഥയാകും. മുട്ടം, കുടയത്തൂർ, അറക്കുളം, വെള്ളിയാമറ്റം, ഇടവെട്ടി, ആലക്കോട്, കരിങ്കുന്നം തുടങ്ങിയ തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള കുടിവെള്ള പദ്ധതികളിൽ കൂടുതലും മലങ്കര അണക്കെട്ടിൻറെ തീരപ്രദേശത്താണ് സ്ഥാപിച്ചിരിക്കുന്നത്.

ജലനിരപ്പ് താഴ്ന്നതിനെത്തുടർന്നാണ് തൊടുപുഴയാറിലേക്ക് ഒഴുക്കിവിടുന്ന വെള്ളത്തിൻറെ അളവ് കുറച്ചത്. മലങ്കരയിലെ ഒരു ഷട്ടർ മാത്രം ഒരു സെൻറീമീറ്റർ ഉയർത്തി ബാക്കിയുള്ള അഞ്ചു ഷട്ടറുകൾ പൂർണമായും താഴ്ത്തിയിരിക്കുകയാണ്. ഇതേത്തുടർന്ന് തൊടുപുഴയാറിലെ നീരൊഴുക്കിനെ ആശ്രയിച്ചുള്ള കുടിവെള്ള വിതരണവും നിലയ്ക്കാനുള്ള സാധ്യതയാണ് തെളിയുന്നത്. തൊടുപുഴ മേഖലയിലെ ജനങ്ങൾ മറ്റാവശ്യങ്ങൾക്കും തൊടുപുഴയാറിലെ വെള്ളമാണ് ഉപയോഗിക്കുന്നത്. തീരത്തോടു ചേർന്ന് പലയിടത്തും നദി വറ്റിവരണ്ട നിലയിലാണ്. അണക്കെട്ടിലെയും തൊടുപുഴയാറിലെയും ജലനിരപ്പ് കുറയുന്ന ഘട്ടത്തിലാണ് കുടിവെള്ള പദ്ധതികളിലെ വെള്ളത്തിൻറെ അളവ് താഴുന്നത്. ഇത് വെള്ളം മലിനപ്പെടാൻ കാരണമാകും.

മലങ്കര അണക്കെട്ടിലെ ജലനിരപ്പ് ഉയർത്തി കുടിവെള്ള പ്രശ്നത്തിനു പരിഹാരം കാണണമെന്നാവശ്യപ്പെട്ട് വിവിധ തദ്ദേശ സ്ഥാപന ജനപ്രതിനിധികൾ മന്ത്രി റോഷി അഗസ്റ്റിൻ, കളക്ടർ ഉൾപ്പെടെയുള്ള അധികൃതർക്ക് നിവേദനം നൽകാൻ ഒരുങ്ങുകയാണ്.



## ഇന്ത്യ ഇന്റർനാഷണൽ സയൻസ് ഫെസ്റ്റിവൽ 2023

# സിഎം എൽആർഇ ഏകദിന ബോധവൽക്കരണ പരിപാടി നടത്തി

**കൊച്ചി :**ശാസ്ത്ര സാങ്കേതിക മന്ത്രാലവും ഭൗമശാസ്ത്ര മന്ത്രാലവും, ബഹിരാകാശ വകുപ്പ്, ആറ്റോമിക് എനർജി ഡിപ്പാർട്ട്മെന്റ്, വിജ്ഞാന ഭാരതി (ഢകആ ഒഅ) എന്നിവയുമായി സഹകരിച്ച് 2024 ജനുവരി 1720 കാലയളവിൽ ഹരിയാനയിലെ ഫരീദാബാദിൽ 9ാമത് ഇന്ത്യ ഇന്റർനാഷണൽ സയൻസ് ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നു. ഇതിനോടനുബന്ധിച്ച്, ബന്ധപ്പെട്ട എല്ലാ ശാസ്ത്ര വകുപ്പുകളും വിവിധ വിദ്യാഭ്യാസ, ഗവേഷണ സ്ഥാപനങ്ങളിൽ പ്രധാന ഗവേഷണ മേഖലകളെയും പ്രവർത്തനങ്ങളെയും നേട്ടങ്ങളെയും കുറിച്ച് വിദ്യാർത്ഥികൾക്ക് അവബോധം നൽകുന്നതിനായി ഔട്ട്റീച്ച് പ്രോഗ്രാം നടത്തുന്നതിന്റെ ഭാഗമായി സെന്റർ ഫോർ മറൈൻ ലിവിങ് റിസോഴ്സ്സ് ആൻഡ് ഇക്കോളജി ഇന്ന് ഏകദിന ബോധവൽക്കരണ പരിപാടി നടത്തി.

എറണാകുളത്തെ സെന്റ് ആൽബർട്ട്സ് കോളേജ്, തേവരയിലെ എസ്എച്ച് കോളേജ്, എറണാകുളം മറൈൻ സയൻസസ് സ്കൂൾ ഓഫ് മറൈൻ സയൻസസ്, കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി (കുസാറ്റ്), കൊച്ചി കൂടാതെ കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസ് (കുഫോസ്), കൊച്ചി എന്നിവിടങ്ങളിലെ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് ഏകദിന ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു. 100 ൽ പരം വിദ്യാർത്ഥികളും ഗവേഷകരും അധ്യാപകരും പരിപാടിയിൽ പങ്കെടുത്തു.

പരിപാടിയുടെ മുഖ്യസംഘാടകൻ ഡോ. റഷീദ് കെ സ്വാഗതപ്രസംഗം നടത്തി. ഡയറക്ടർ സി എം എൽ ആർ ഇ ഡോ. ജി.വി.എം ഗുപ്ത ഉദ്ഘാടനം ചെയ്തു. ഓഫീസ് മേധാവി ശ്രീ ധനേഷ് പി ജി, സയന്റിസ്റ്റ് ഇ ശ്രീമതി ആശാദേവി സി.ആർ എന്നിവർ പരിപാടിക്ക് ആശംസ അറിയിച്ചു. വിഭയെ പ്രതിനിധീകരിച്ച് എൻഐഎഫ് വൈസ് ചെയർപേഴ്സൺ ശ്രീ എൻ പി രാജീവ് രാജ്യത്തുടനീളം ഇത്തരം പരിപാടികൾ നടത്തുന്നതിന്റെ ആവശ്യകത യെക്കുറിച്ച് വിശദീകരിച്ചു. ഈ പരിപാടിയുടെ പ്രധാന ലക്ഷ്യം സ്ഥാപനങ്ങൾക്ക് അവരുടെ നേട്ടങ്ങളും ഗവേഷണ സൗകര്യങ്ങളും പൊതുജനങ്ങൾക്ക് പ്രദർശിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കുക എന്നതാണ്. വിവിധ ശാസ്ത്രഗവേഷണ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ഒരു അവബോധത്തിന് വേണ്ടി ഡോ. ഷെറിൻ സോണിയ ക്യൂബെലിയോ, സയന്റിസ്റ്റ് ഇതിനെക്കുറിച്ച് വിശദമായി സംസാരിച്ചു. ഇതിനെത്തുടർന്ന് ശാസ്ത്രജ്ഞരും വിദ്യാർത്ഥികളും തമ്മിലുള്ള ഫലപ്രദമായ ആശയവിനിമയം നടന്നു. സിഎംഎൽആർഇയിലെ ശാസ്ത്രജ്ഞൻ ഡി, ശ്രീ വാസു നന്ദി പറഞ്ഞു.

# കൊച്ചിൻ ഫ്ളവർ ഷോ വെള്ളിയാഴ്ച മുതൽ മറൈൻ ഡ്രൈവിൽ

**കൊച്ചി:**കൊച്ചിൻ ഫ്ളവർ ഷോ ഇന്ത്യയിലെ ഏറ്റവും മികച്ച പുഷ്പമേളയാക്കി മാറ്റുമെന്ന് ജിസിഡിഎ ചെയർമാൻ കെ.ചന്ദ്രൻപിള്ള പറഞ്ഞു. എറണാകുളം മറൈൻഡ്രൈവിൽ വെള്ളിയാഴ്ച(ഡിസംബർ 22) മുതൽ ജനുവരി ഒന്ന് വരെയാണ് പുഷ്പമേള സംഘടിപ്പിക്കുന്നത്. ഉദ്ഘാടനം വെള്ളിയാഴ്ച വൈകുന്നേരം 5.30 ന് മറൈൻ ഡ്രൈവ് ഗ്രൗണ്ടിൽ മേയർ എം. അനിൽ കുമാർ നിർവഹിക്കും. ജി.സി.ഡി.എ. ചെയർമാൻ കെ. ചന്ദ്രൻപിള്ള അധ്യക്ഷത വഹിക്കുന്ന സമ്മേളനത്തിൽ ജില്ലാ കളക്ടറും അഗ്രി ഹോർട്ടി കൾച്ചർ സൊസൈറ്റിയുടെ പ്രസിഡന്റുമായ എൻ.എസ്.കെ. ഉമേഷ് മുഖ്യ പ്രഭാഷണം നടത്തും. പുഷ്പാലങ്കാര പവിലിയന്റെ ഉദ്ഘാടനം ഹൈബി ഈഡൻ എം.പി യും പൂച്ചെടികളുടെ പ്രദർശന പവലിയന്റെ ഉദ്ഘാടനം ടി.ജെ വിനോദ് എം.എൽ.എ യും നിർവഹിക്കും. ജില്ലാ അഗ്രി ഹോർട്ടികൾച്ചറൽ സൊസൈറ്റിയും ജിസിഡിഎയും സംയുക്തമായാണ് 40ാമത് കൊച്ചിൻ ഫ്ളവർ ഷോ സംഘടിപ്പിക്കുന്നത്. കൊച്ചിൻ ഫ്ളവർ ഷോ അറ്റ് മറൈൻഡ്രൈവ് എന്ന പേരിൽ സംഘടിപ്പിക്കുന്ന പുഷ്പമേളയിൽ 5000 ചതുരശ്ര അടിയിൽ ഒരുക്കുന്ന പുഷ്പാലങ്കാരവും വെജിറ്റബിൾ കാർവിങ്ങും ആകർഷണങ്ങളിൽ മുന്നിലായിരിക്കും. 38000 ചതുരശ്ര അടിയിൽ ഒരുക്കുന്ന പൂച്ചെടികളുടെ പ്രദർശനത്തിൽ 5000 പൂവിട്ട ഓർക്കിഡുകൾ സന്ദർശകർക്ക് പൂക്കളുടെ വർണ്ണ കാഴ്ച ഒരുക്കും.



# ഫ്രാഗോമെൻ ഇന്ത്യ സ്കോളർഷിപ്പുകൾ വിതരണം ചെയ്തു

**കൊച്ചി:** കാക്കനാട് ഫ്രാഗോമെൻ ഇന്ത്യയുടെ സി എസ് ആർ ഔട്ട്റീച്ചിന്റെ ഭാഗമായി സ്കോളർഷിപ്പ് അവാർഡുകൾ വിതരണം ചെയ്തു. ഫ്രാഗോമെൻ ഇന്ത്യയും ഫ്രാഗോമെൻ എജുക്കേഷണൽ സർവീസും സംയുക്തമായി ഇൻഫോപാർക്ക് ലുലു സൈബർ ടവർ ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച ചടങ്ങിൽ ഇൻഫോപാർക്ക് സി ഇ ഒ സുശാന്ത് കുറുന്തിൽ വിശിഷ്ടാതിഥിയായിരുന്നു. ഫ്രാഗോമെൻ ഇന്ത്യ മാനേജിംഗ് ഡയറക്ടർ സാജു ജെയിംസ് അധ്യക്ഷത വഹിച്ചു. എസ് എസ് എൽ സി, പ്ലസ് ടു പരീക്ഷകളിൽ ഉന്നത വിജയം നേടിയ 33 കുട്ടികൾക്കാണ് ഈ വർഷം സ്കോളർഷിപ്പ് വിതരണം ചെയ്തത്.

## ലാബ് ടെക്നീഷ്യൻ നിയമനം

**പാലക്കാട്:** കാലിവസന്ത നിർമ്മാർജ്ജന പദ്ധതി കാര്യാലയത്തിലെ എൻ.പി.ആർ.ഇ മാക്സി എലിസ ലാബോട്ടറിയിൽ ലാബ് ടെക്നീഷ്യൻ നിയമനം. ബി.എസ്.സി എം.എൽ.ടി യോഗ്യതയും വെറ്ററിനറി ലാബോറട്ടറിയിൽ എലിസ പരിശോധനയിൽ ഒരു വർഷത്തെ പ്രവൃത്തിപരിചയവുമുള്ളവർക്ക് അപേക്ഷിക്കാം. പ്രതിമാസ വേതനം: 20,000 രൂപ. താത്പര്യമുള്ളവർ യോഗ്യത സർട്ടിഫിക്കറ്റുകളുമായി ജനുവരി നാലിന് രാവിലെ 11 ന് കാലിവസന്ത നിർമ്മാർജ്ജന പദ്ധതി കാര്യാലയത്തിലെ ജോയിന്റ് ഡയറക്ടറുടെ ചേംബറിൽ കൂടിക്കാഴ്ച്ചയ്ക്കായി എത്തണമെന്ന് ജോയിന്റ് ഡയറക്ടർ അറിയിച്ചു. ഫോൺ: 04912520626

